**സബ്മിഷൻ**

## അനധികൃത പാറ ഖനനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിൽ പാറശ്ശാല മുതൽ കാസർഗോഡുവരെ അനധികൃത പാറ ഖനനം നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാലാവസ്ഥയും ജീവിത സാഹചര്യവും പരിസ്ഥിതിയും നിയന്ത്രിക്കുന്ന സഹ്യപർവ്വതത്തിന്റെ അടിവാരം മുഴുവൻ അനധികൃത പാറ ഖനനക്കാർ തുരന്നുകൊണ്ടിരിക്കുകയാണ്. ഇത് നമ്മുടെ പരിസ്ഥിതിക്ക് ഗുരുതരമായ ആഘാതമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം അനധികൃത പാറഖനനംമൂലം ക്വാറികളുടെ സമീപത്ത് താമസിക്കുന്നവരുടെ വീടുകൾക്ക് അപരിഹാര്യമായ നാശനഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊടിപടലങ്ങൾ ഉണ്ടാക്കുന്ന വായു, ജലമലിനീകരണം എന്നിവമൂലം കാൻസർ, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയ മാരക രോഗങ്ങളാൽ അവിടെയുള്ള ആളുകൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ക്വാറിയിലേക്കുള്ള വാഹനങ്ങളുടെ നിരന്തരമായ സഞ്ചാരംമൂലം റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് കുഴികളായി മാറിയിരിക്കുകയാണ്. ഈ വഴിയിലൂടെ പരിസരവാസികൾക്കുള്ള യാത്ര തീർത്തും ദുഃസഹമാണ്. ഇക്കാര്യങ്ങൾക്കെല്ലാം അടിയന്തര പരിഹാരം കണ്ടെത്താൻ കഴിയണം. അത് കഴിഞ്ഞേ മതിയാകൂ. തിരുവനന്തപുരത്ത് മൂക്കുന്നിമലയിലും എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജിലും ഇത്തരത്തിലുള്ള അനധികൃത പാറ ഖനനത്തിനെതിരെ നാട്ടുകാർ ശക്തമായ ചെറുത്തുനില്പാണ് നടത്തികൊണ്ടിരിക്കുന്നത്. ഇത്തരം ചെറുത്തുനില്പുകാരെ സർക്കാരിന്റെ ഒത്താശയോടെ പ്രമാണിമാരായ മുതലാളിമാരും രാഷ്ട്രീയ നേതാക്കളും കള്ളക്കേസിൽ ഉൾപ്പെടുത്തുകയും ശാരീരികമായി പീഡിപ്പിക്കുകയും ചെയ്യുകയാണ്. അനധികൃത പാറഖനനത്തിലൂടെ സമ്പാദിക്കുന്ന കോടിക്കണക്കിന് രൂപ സമരങ്ങൾ അടിച്ചൊതുക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇത്തരം സംഭവങ്ങൾക്കാധാരമായ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും അനധികൃത പാറഖനനം അവസാനിപ്പി

ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ഖനനം നടക്കുന്ന സ്ഥലത്തെ ജനങ്ങളുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഞാൻ ഗവണ്മെന്റിനോട് ശക്തിയായി ആവശ്യപ്പെടുകയാണ്. കിഴക്കൻ മലമേഖലയിലുള്ള സഹ്യപർവ്വതം സംരക്ഷിക്കണമെന്നും ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ ഒരു സാമൂഹ്യ പ്രശ്നമുണ്ട്. അതോടൊപ്പംതന്നെ കൺസ്യൂക്ഷനുമായി ബന്ധപ്പെട്ട ഒരു പ്രശ്നവുമുണ്ട്. സാമൂഹ്യ പ്രശ്നം അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. അതിന്മേലെടുക്കേണ്ട മുൻകരുതലുകളെല്ലാം കൃത്യമായി ചെയ്യണം. 6 ലൈസൻസുകൾ ഇതിനുവേണമെന്നാണ് ഗവണ്മെന്റ് നിബന്ധന വച്ചിട്ടുള്ളത്. അങ്ങനെ 6 ലൈസൻസുകളുള്ള ആളുകൾക്കുമാത്രമേ ഒരു ക്വാറി നടത്താനുള്ള

അവകാശമുണ്ടാവുകയുള്ളൂ. ഇതൊക്കെയാണെങ്കിൽപ്പോലും അവിടെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റേയും റവന്യൂ വകുപ്പിന്റേയും ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റേയും പഞ്ചായത്തിന്റേയുമൊക്കെ എൻവയോൺമെന്റ് ക്ലിയറൻസുണ്ടെങ്കിൽ മാത്രമേ നിയമപരമായി ഒരു ക്വാറി നടത്താൻ കഴിയൂ. അങ്ങിവിടെ സൂചിപ്പിച്ച മൂക്കന്നിമലയിൽ റബ്ബർ കൃഷി നടത്തുന്ന 350 ഏക്കർ സ്ഥലം 90 ആളുകൾക്കായി പതിച്ചുകൊടുത്തിരുന്നതാണ്. 14 ക്വാറികളും 17 പെർമിറ്റ് ക്വാറികളും ഇപ്പോൾ നിലവിലുണ്ട്. കൂടാതെ മറ്റുചില അനധികൃത ക്വാറികൾ ഉള്ളതായ പരാതിയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 20 ക്വാറികൾക്കും 8 ക്രഷർ യൂണിറ്റുകൾക്കും പള്ളിച്ചൽ ഗ്രാമപഞ്ചായത്തുതന്നെ ലൈസൻസ് കൊടുത്തിട്ടുണ്ട്. അങ്ങനെ അവിടെ അധികൃതമായിട്ടുള്ളതും അനധികൃതമായിട്ടുള്ളതുമായ ക്വാറികളുണ്ട്. അനധികൃതമായ ക്വാറികൾക്കെതിരെ ചില നടപടികൾ നടന്നിട്ടുണ്ട്. അവിടെ എല്ലാ രാഷ്ട്രീയ പാർട്ടിയിലുംപെട്ട ആളുകളുമായി ഗ്രാമസഭ നേരത്തെ ഒരു യോഗം ചേർന്നിട്ട് അവരുടെ ചില

പ്രൊപ്പോസൽസുണ്ടായിരുന്നു. അതിനുപുറമെ പഞ്ചായത്ത് കമ്മിറ്റി കൂടി ആ കമ്മിറ്റിയുടെ ഒരു പൊതു നിർദ്ദേശം ഗവണ്മെന്റിന്റെ മുമ്പിലുണ്ട്. ഇതുകൂടാതെ പരാതികൾ വന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി ചില നിബന്ധനകൾ വേണം എന്ന് നിഷ്കർഷിക്കുന്ന ഒരു നിലപാടുണ്ടായിരുന്നു. അതോടൊപ്പംതന്നെ നമ്മുടെ കൺസ്ട്രക്ഷൻ വർക്ക് നിന്നുപോകാതിരിക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾകൂടി വേണം. അപ്പോൾ ഇതിന്റെ രണ്ടിന്റേയും മദ്ധ്യത്തിലുള്ള പ്രാക്ടിക്കലായ ഒരു സമീപനമാണ് വേണ്ടത്. അനധികൃതമായിട്ടുള്ള ക്വാറികളൊന്നും സാധ്യമല്ല. ഇപ്പോൾ ഗ്രീൻ ട്രിബ്യൂണലിന്റെ തീരുമാനമനുസരിച്ച് ക്വാറികൾക്ക് എൻവയോൺമെന്റ് ക്ലിയറൻസ് വേണമെന്ന് പറഞ്ഞിട്ടുണ്ട്. ഗവണ്മെന്റ് ഓരോന്നായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാംകൂടി ശ്രദ്ധയിൽവച്ച്, നിയമപരമായി ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന മാക്സിമം കാര്യങ്ങൾ ചെയ്യുന്നതാണ്.

## എൻ.സി. എ ഒഴിവുകളിൽ നിയമനം

ശ്രീ. പി. ഉബൈദുള്ള: സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എൻ.സി.എ. നിയമനം വൈകിപ്പിക്കുന്നതുമൂലം ഭരണഘടന വിഭാവനം ചെയ്യുന്ന അർഹമായ ഉദ്യോഗ പ്രാതിനിധ്യം പിന്നോക്ക വിഭാഗങ്ങൾക്ക് നഷ്ടമാകുന്ന അതിഗുരുതരമായ സ്ഥിതിവിശേഷം ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ ഉണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനുള്ള നരേന്ദ്രൻ കമ്മീഷൻ നിർദ്ദേശത്തെ തുടർന്നാണ് എൻ.സി.എ നിയമന സമ്പ്രദായം സർക്കാർ കൊണ്ടുവന്നത്. 2011- നുശേഷം വിജ്ഞാപനം വന്ന ആയിരത്തി ഇരുന്നൂറിലധികം തസ്തികകളിലേക്കുള്ള പതിനായിരത്തോളം എൻ.സി.എ. നിയമനങ്ങൾ ഇതുവരെ എങ്ങും എത്തിയിട്ടില്ല. സംസ്ഥാന സർക്കാർ സർവ്വീസിൽ സംവരണ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന പതിനായിരക്കണക്കിന് പിന്നോക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ നിരാശപ്പെടുത്തുന്ന നടപടിയാണിത്.

2012-ൽ 761 തസ്തികകളിലേക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും എൻ.സി.എ.പരീക്ഷ നടത്തി ലിസ്റ്റിട്ടത് വെറും 20-ൽ താഴെ തസ്തികളിലേക്കുമാത്രമാണ്. 2013-ൽ വിജ്ഞാപനം പുറപ്പെടുവിച്ചത് 649 തസ്തികകളിലായിരുന്നെങ്കിൽ അതിൽ 317 എണ്ണം എൻ.സി.എ. നിയമനമായിരുന്നു. എന്നാൽ ഇതുവരെ പരീക്ഷ നടത്തിയിട്ടില്ല. 2014-ൽ ഇതുവരെ 538 തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും എൻ.സി.എ പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അതേസമയം ജനറൽ വിഭാഗത്തിൽ ഇതേ കാലയളവിൽ നിരവധി തസ്തികകളിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്തു. ഒരൊഴിവുമാത്രമുള്ള പോസ്റ്റിൽ ഒരാൾ മാത്രം അപേക്ഷിച്ചിട്ടും പോസ്റ്റിംഗ് നടത്താത്ത അനുഭവമുണ്ട്. 122/2012 കാറ്റഗറി നമ്പരിലുള്ള വിശ്വകർമ്മ സമുദായത്തിന് മാത്രം നീക്കിവച്ച ജൂനിയർ അറബിക് ലാംഗ്വേജ് ടീച്ചർ (ഫുൾ ടൈം) തസ്തികയിലേക്കാണ് നിയമനം നടത്താതെ പി.എസ്.സി. നീട്ടികൊണ്ടുപോകുന്നത്. ഒരൊഴിവുള്ള തസ്തികകളിൽ രണ്ടുംമൂന്നും ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ട് കാത്തിരിക്കുന്ന കേസ്സുകളും

നിരവധിയാണ്. അടിയന്തരമായി എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കുമ്പോൾതന്നെ നിലവിൽ ഒഴിവുള്ള തസ്തികകളിൽപ്പോലും നിയമനം നടത്താതെ സംവരണ നിയമം അട്ടിമറിക്കപ്പെടുന്ന ഈ സാഹചര്യം ഒഴിവാക്കണം. ഈഴവ, തിയ്യ, ബില്ലവ, മുസ്ലീം, എൽ.സി, ഒ.ബി.സി, വിശ്വകർമ്മ, നാടാർ, എസ്.സി, എസ്.ടി, ആംഗ്ലോ ഇന്ത്യൻ തുടങ്ങിയ പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്കാണ് പി.എസ്.സി.യുടെ അലംഭാവം കാരണം ജോലി ലഭിക്കാതെ പോകുന്നത്. പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ നരേന്ദ്രൻ കമ്മീഷൻ നിർദ്ദേശിച്ചതുപോലെ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും എൻ.സി.എ. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2007 മുതൽ 2014 ഒക്ടോബർ വരെ ആകെ 1754 എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.സി.എ. റാങ്ക് ലിസ്റ്റുകളും സമയബന്ധിതമായി പ്രസിദ്ധീകരിച്ചു വരുന്നുണ്ടെന്നാണ് പി.എസ്.സി. അറിയിച്ചിരിക്കുന്നത്. എൻ.സി.എ. നിയമനങ്ങൾക്ക് കമ്മീഷൻ മുൻഗണന നൽകുന്ന വിവരവും ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷെ, ഇതിൽ ചില പ്രശ്നങ്ങളുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2005-06-ൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 15 (എ) പ്രകാരം 14-ാം ചട്ടത്തിന്റെ (സി)യിൽ പറഞ്ഞിട്ടുള്ള റൊട്ടേഷനും 17-ാം ചട്ടത്തിലെ 2-ാം ഉപചട്ടത്തിലെ അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരവും ചില മാറ്റങ്ങൾ വരുത്തിയത്. ഒരു സമുദായത്തിൽ ആവശ്യത്തിനുള്ള ഉദ്യോഗാർത്ഥികളെ കിട്ടിയില്ലെങ്കിൽ മറ്റ് സമുദായത്തിലേയ്ക്ക് നേരിട്ട് പോകുന്നതിന് പകരം അത് വീണ്ടും അപേക്ഷ ക്ഷണിച്ച് അതേ സമുദായത്തിൽപ്പെട്ടവരിൽ തന്നെ അർഹതയുണ്ടെങ്കിൽ കൊടുക്കുന്നതിനു വേണ്ടിയുള്ള സിസ്റ്റമാണ് ചെയ്തത്. എന്നാൽ ചട്ടങ്ങളിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. അത് മാറ്റുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. തുടർച്ചയായുള്ള എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വന്നിട്ടുള്ള നിരവധി

എൻ.സി.എ. ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്ന സാഹചര്യം നിലവിലുള്ള വിവരം പി.എസ്.സി. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള എൻ.സി.എ. ഒഴിവുകളിലേയ്ക്ക് രണ്ടു പ്രാവശ്യത്തിൽ കുറയാതെ പുനർവിജ്ഞാപനം നടത്തിയിട്ടും നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണത പരിഹരിക്കുന്നതിനായി കെ.എസ്.&എസ്.എസ്.ആർ.-ൽ ഭേദഗതി വരുത്തുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കെ.എസ്. &എസ്.എസ്.ആർ. ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം പി.എസ്.സി.-യുടെ പരിഗണനയ്ക്ക് നൽകിയിരിക്കുകയാണ്. ആയതിൻമേലുള്ള പി.എസ്.സി.-യുടെ ഉപദേശം സെക്രട്ടറി തലത്തിൽ പി.എസ്.സി. സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്തുകളയച്ചിട്ടും ലഭ്യമാകാത്തതിനാൽ ചീഫ് സെക്രട്ടറി തലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് മറുപടി കിട്ടിയാൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അന്തിമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുന്നതാണ്. അതുവന്നാൽ ഈ പ്രശ്നത്തിന്

പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ:ശ്രീ. എൻ. ഷംസുദ്ദീൻ]

## ഗ്രാമീണ റോഡുകളുടെ നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായുള്ള തകർന്ന 13 ഗ്രാമീണ റോഡുകൾ ആസ്തി വികസന ഫണ്ടുപയോഗിച്ച് പുനരുദ്ധരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട എല്ലാ പഞ്ചായത്തു കളിലെയും വർക്കുകൾ പി.ഡബ്ല്യു.ഡി. ചെയ്യണമെന്ന റെസല്യൂഷനും ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ഉൾപ്പെടെ ഗവൺമെന്റിലേക്ക് കൊടുത്ത് മാർച്ച് മാസം അഞ്ചാം തീയതി തന്നെ അതിന്റെ എ.എസ്. ഉം ലഭ്യമായിരുന്നു. വർക്കുകൾ പി.ഡബ്ല്യു.ഡി. വഴി തന്നെ ചെയ്യണമെന്ന ഉത്തരവോടുകൂടിയാണ് എ.എസ്. വന്നിട്ടുള്ളത്. ഈ ഉത്തരവുകൾ എൽ.എസ്.ജി.ഡി. വകുപ്പിലും പി.ഡബ്ല്യു.ഡി വകുപ്പിലും ചീഫ് എഞ്ചിനീയർക്കും ഡയറക്ടർക്കുമുൾപ്പെടെ കൊടുത്തിട്ടുള്ളതാണ്. എൽ.എസ്.ജി.ഡി.-യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനാസ്ഥ കാരണം ഹെഡ് ഓഫ് അക്കൗണ്ട് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറാതെ മാസങ്ങളായി നീട്ടിക്കൊണ്ടു പോകുന്നു. അതിനാൽ വർക്കുകളൊന്നും ചെയ്യാൻ കഴിയുന്നില്ല. എന്റെ മണ്ഡലത്തിൽ മാത്രമല്ല പല മണ്ഡലങ്ങളിലും ഈ സ്ഥിതിയുണ്ടെന്നാണ്

മനസ്സിലാക്കുന്നത്. ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി കൊടുക്കാത്തതുകൊണ്ട് വർക്ക് തുടങ്ങാൻ കഴിയുന്നില്ലെന്ന് കാണിച്ച് പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തെഴുതി. ഒരു മാസം കഴിഞ്ഞപ്പോൾ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 20.10.2014-ന് അവരുടെ ചീഫ് എഞ്ചിനീയർക്ക് എഴുതിയിരിക്കുകയാണ്, ഞാൻ പറഞ്ഞ വർക്കുകൾ സാങ്ഷനായിട്ടുണ്ട്, ഇതിന്റെ പണം കൊടുക്കണമെന്ന് പറഞ്ഞ് പി.ഡബ്ല്യൂ.ഡി.-യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിക്വസ്റ്റ് ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞിട്ട് അവസാനം പറഞ്ഞിരിക്കുന്നത്, "....Hence I request that necessary action may please be taken for the completion of above works" എന്നാണ്. ഇങ്ങനെയാണ് ചീഫ് എഞ്ചിനീയർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിട്ടണായി റിക്വസ്റ്റ് കൊടുത്തിരിക്കുന്നത്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥർ ഒരോ സ്ഥലത്തുമിരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇതുപോലുള്ള എഞ്ചിനീയർമാരുടെ പ്രവൃത്തി പരിശോധിക്കണം. 'completion of the above works' എന്നാണ് എഴുതിക്കൊടുത്തിരിക്കുന്നത്. ബന്ധപ്പെട്ട റെസല്യൂഷൻ ഉൾപ്പെടെ അങ്ങോട്ട് കൊടുക്കുവാൻ ഇതിന് മറുപടിയായി ചീഫ് എഞ്ചിനീയർ എഴുതി. ഈ ഉദ്യോഗസ്ഥൻ ആവശ്യമായ പ്രൊഫോർമയിൽ ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി ചീഫ്

എഞ്ചിനീയർക്ക് കൊടുക്കേണ്ടതിനുപകരം അങ്ങോട്ടുമിങ്ങോട്ടും എഴുതുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ നടപടി പരിശോധിച്ച് ഇത് അടിയന്തരമായി പരിഹരിച്ച് വർക്കുകൾ വേഗത്തിൽ ചെയ്യുന്നതിന് വേണ്ടി ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം എന്നതിൽ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വർക്കുകൾ ചെയ്യാനുള്ള സാഹചര്യം ഒരുക്കിത്തരണം. മറ്റൊരു കാര്യം പറയാനുള്ളത്, ഡെപ്പോസിറ്റ് ചെയ്ത് സഹായിക്കാൻ അടിയന്തരമായി ഇടപെടണം. അതോടൊപ്പം ഗവൺമെന്റിനോടുള്ള റിക്വസ്റ്റ്, ഇത്തരത്തിലുള്ള കൺഫ്യൂഷൻ ഒഴിവാക്കാൻ എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് സ്കീമിനുള്ളതുപോലെ തന്നെ ഹെഡ് ഓഫ് അക്കൗണ്ട് അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിനുമുണ്ടാക്കിയാൽ ഡിലേ ഒഴിവാകും. വർക്കുകൾ വേഗം ചെയ്യാൻ സാധിക്കും. എന്റെ മണ്ഡലത്തിലെ 13 വർക്കും ഇത്തരത്തിലുള്ള മറ്റ് വർക്കുകളും കൺഫ്യൂഷൻ തീർത്ത് പരിഹരിക്കാനുള്ള ഇടപെടൽ ഉണ്ടാകണ മെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഇത് ഒരു പൊതുവിഷയമെന്ന നിലയിൽ മന്ത്രിസഭ വളരെ ഗൗരവമായി ചർച്ച

ചെയ്തിരുന്നു. പി.ഡബ്ല്യൂ.ഡി. ആയിരുന്നു ആസ്തി വികസന ഫണ്ട് തുടക്കത്തിൽ പ്രവൃത്തി ഏറ്റെടുത്ത് ചെയ്തിരുന്നത്. അതിനിടയിൽ എൽ.എസ്.ജി.ഡി.-യിലേയ്ക്ക് ഇത് മാറ്റുകയാണ് ചെയ്തത്. എൽ.എസ്.ജി.ഡി.-യിലെ എഞ്ചിനീയറിംഗ് വിംഗിന് പഞ്ചായത്തുമായി ബന്ധപ്പെട്ട ധാരാളം പ്രവൃത്തികൾ ചെയ്യാനുള്ളതുകൊണ്ട് പലപ്പോഴും പ്രശ്നമുണ്ടാകുന്നുവെന്ന് കണ്ട് കഴിഞ്ഞ മന്ത്രിസഭ ചർച്ച ചെയ്യുകയും ഇത് വീണ്ടും പി.ഡി.ബ്ല്യൂ.ഡി.-യിലേയ്ക്ക് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് മന്ത്രിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അതിൽ തീരുമാനമെടുത്ത് വീണ്ടും പഴയ രീതിയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പ്രത്യേക കേസ് സബ്മിഷനായി വന്നതുകൊണ്ടുതന്നെ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ അല്ലാത്തതിനാൽ തുക നേരിട്ട് ഡെപ്പോസിറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഫണ്ട് അനുവദിക്കുന്നതിനുള്ള റിക്വസിഷൻ ഫോം ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും അറിയിച്ചിട്ടുണ്ട്. ആയതിനാൽ കൊട്ടാരക്കര മണ്ഡലത്തിലെ

റോഡ് പ്രവൃത്തികളുടെ ഫണ്ട് അലോട്ട്മെന്റ് സംബന്ധിച്ച നടപടിക്രമങ്ങളിൽ..... മനപ്പൂർവ്വമായ വീഴ്ചയല്ല ഇത്, സാങ്കേതികമായ പ്രശ്നമാണ്. ഇതു സംബന്ധിച്ച ഫയൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി ഉടനടി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് .....(ബഹളം).....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞല്ലോ...മന്ത്രി പറയും.

ഡോ. എം. കെ. മുനീർ: സർ, തുടക്കത്തിൽ പറഞ്ഞത് ആരും ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു. തുടക്കത്തിൽ പറഞ്ഞത് ഇതിന്റെ സാങ്കേതിക സ്വഭാവം മനസ്സിലാക്കി മന്ത്രിസഭ ചർച്ച ചെയ്ത് അത് വീണ്ടും പഴയ രീതിയിലെടുക്കാൻ നടപടി തീരുമാനച്ചിട്ടുണ്ടെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ഈ വിഷയം അറിയാം. ....(ബഹളം)....

മി. ചെയർമാൻ: ഇരിക്കണം. സബ്മിഷൻ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി മറുപടിയും പറഞ്ഞു. പ്ലീസ്...

## ആസ്തി വികസന പദ്ധതിയിൽപ്പെടുത്താവുന്ന പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2012-13 ലെ ബഡ്ജറ്റിൽ മഹാമനസ്കതയോടുകൂടി എം.എൽ.എ.-മാർക്ക് അഞ്ചുകോടി രൂപ

ആസ്തി വികസന ഫണ്ട് അനുവദിക്കുകയുണ്ടായി. അതിന് അങ്ങയെ ആദ്യമായി അഭിനന്ദിക്കുകയാണ്. ആദ്യഘട്ടത്തിൽ 50 ലക്ഷം രൂപയായിരുന്ന മിനിമം ഒരു വർക്കിന്റെ കുറഞ്ഞ തുക നിശ്ചയിച്ചിരുന്നത്. രണ്ടാമതായി ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി തന്നെ പ്രത്യേക താത്പര്യമെടുത്ത് ഈ സഭയിലെ അംഗങ്ങളുടെ ആവശ്യപ്രകാരം 6.04.2013-ന് 25 ലക്ഷം രൂപയായി നിജപ്പെടുത്തി 15 വർക്കുകൾ നിശ്ചയിച്ചു. കഴിഞ്ഞ ജൂലായ് മാസത്തിൽ ബഡ്ജറ്റ് സമ്മേളനത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മുഴുവൻ വികാരവും കണക്കിലെടുത്ത് കുറഞ്ഞത് 10 ലക്ഷം രൂപയായി നിശ്ചയിക്കുകയും ചെയ്തു. ആദ്യം 25 ലക്ഷം രൂപയുടെ വർക്കുകൾ പതിനഞ്ചായാണ് പരിധി നിശ്ചയിച്ചിരുന്നത്. എന്നാൽ 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചപ്പോൾ ആനുപാതികമായി എണ്ണം കൂട്ടുമെന്നാണ് വിശ്വസിച്ചിരുന്നത്. 15.11.2014 -ൽ ധനകാര്യ വകുപ്പിന്റെ നോഡൽ സെന്റർ ഒരു ഉത്തരവ് ഇറക്കുകയും അനുവദനീയമായ മരാമത്ത് പണികളുടെ എണ്ണം 15 ആയും പത്ത് ലക്ഷത്തിന്റെ രണ്ട് വർക്കുകൾ മാത്രമേ നിർദ്ദേശിക്കാൻ പാടുള്ളൂവെന്നും പറഞ്ഞ് ഉത്തരവ് ഇറക്കി. ബഹുമാനപ്പെട്ട മാണിസാറിനോട് പറയാനുള്ളത് വളരെയധികം അനുഭവ സമ്പത്തുള്ള പ്രായോഗിക സമീപനവുമുള്ള അങ്ങ് 5 കോടി രൂപയുടെ വർക്ക് മിനിമം 35 വർക്കാക്കി നിജപ്പെടുത്തി ഇതിനൊരു

പരിഹാരം ഉണ്ടാക്കിത്തരണമെന്നും അതുപോലെ തന്നെ ആസ്തി വികസന ഫണ്ടിന്റെ നടപടിക്രമങ്ങൾക്ക് പത്തും പന്ത്രണ്ടും മാസം എടുത്ത് എ.എസ്. കിട്ടി അവാർഡ് ചെയ്യുന്നതിനുള്ള കാലതാമസവും സാങ്കേതികത്വവും ഒഴിവാക്കി എം.എൽ.എ. നിർദ്ദേശിച്ചാൽ ആ വർക്കിന് എ.എസ്. കൊടുക്കുന്നതിനുള്ള സംവിധാനംകൂടി അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അനുകൂലമായ സമീപനം അങ്ങയുടെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എല്ലാവർക്കുംവേണ്ടി ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ മൂലധന സ്വഭാവമുള്ള മേജർ വർക്കുകളാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തികളുടെ കുറഞ്ഞ തുക 25 ലക്ഷമായും ഒരു വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 15 ആയും നിജപ്പെടുത്തിയിരുന്നു. ഇത് 10 ലക്ഷമായി കുറയ്ക്കണമെന്ന

എം.എൽ.എ.-മാരുടെ അഭ്യർത്ഥനയനുസരിച്ച് ഇത് പരിശോധിക്കുകയും 2 പ്രവൃത്തികൾ 10 ലക്ഷത്തിൽ കുറയാതെ നടപ്പിലാക്കുവാൻ അനുവദിച്ചിരുന്നു. 10 ലക്ഷത്തിൽ അടങ്കൽ തുകയ്ക്ക് ചെയ്യാവുന്ന പ്രവൃത്തികളുടെ എണ്ണം പരിധിയില്ലാതെ വർദ്ധിപ്പിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല. ശ്രീ. പി. കെ. ബഷീർ ഉൾപ്പെടെയുള്ള മെമ്പർമാരുടെ വികാരം മാനിച്ചുകൊണ്ട് 10 ലക്ഷത്തിൽ രണ്ടു ജോലികൾ എന്നത് അഞ്ചായി ഉയർത്തുകയും പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയി വർദ്ധിപ്പിക്കുകയും ചെയ്യാം.

## കുറുന്തോട്ടയം പാലം നിർമ്മാണം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് പന്തളം. പന്തളം കുറുന്തോട്ടയം പാലം വീതി കൂട്ടുന്നതിനാവശ്യമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 13-ാം കേരള നിയമസഭയുടെ തുടക്കം മുതൽ ഇന്നുവരെ ഈ നിയമസഭയിൽ പല പ്രാവശ്യം ഈ വിഷയം ഉന്നയിച്ചയാളാണ് ഞാൻ. നിരവധി തവണ സബ്മിഷൻ കൊണ്ടുവന്നു. നിരവധി നിവേദനങ്ങൾ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കൊടുത്തു. ശബരിമലയുടെ മൂലസ്ഥാനമാണ് പന്തളം. ഇപ്പോൾ ശബരിമല

സീസൺ കൂടി ആരംഭിച്ചപ്പോൾ കേരളത്തിനകത്തും പുറത്തുമുള്ള നിരവധിയാളുകൾ പന്തളത്ത് എത്തിച്ചേരുന്നുണ്ട്. വാഹനങ്ങളുടെ പെരുപ്പംമൂലം പന്തളം ജംഗ്ഷനിലെ കുറുന്തോട്ടയം പാലത്തിലൂടെ വാഹനങ്ങൾക്ക് കടന്നുപോകുവാൻ കഴിയുന്നില്ല, ആളുകൾക്ക് സഞ്ചരിക്കാൻ കഴിയുന്നില്ല. നിരവധി അപകടങ്ങളുണ്ടായി. ഈയടുത്ത കാലത്ത് അവിടെ മൂന്ന് മരണങ്ങളുണ്ടായി. അതുകൊണ്ട് ഈ വിഷയത്തിൽ ഗൗരവമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതലയോഗം ചേർന്ന് മൂന്നു മാസത്തിനുള്ളിൽ പാലം പണി നടത്തുമെന്ന് പറഞ്ഞുവെങ്കിലും ഒരു നടപടിയുമുണ്ടായില്ല. ഇക്കഴിഞ്ഞ ശബരിമല ആലോചനായോഗവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലും ഞാൻ ഈ വിഷയം ഉന്നയിച്ചു. അന്ന് മാണി സാർ കുറിച്ചുകൊണ്ടു പോയെങ്കിലും ഒരു നടപടിയുമുണ്ടായില്ല. പന്തളത്ത് ചേർന്ന ശബരിമല ആലോചനായോഗവുമായി ബന്ധപ്പെട്ട യോഗത്തിൽ ദേവസ്വം വകുപ്പുമന്ത്രി ഉടൻ തന്നെ പാലം പണി ആരംഭിക്കുമെന്ന് ഉറപ്പുനൽകി. എന്നാൽ ഒരു നടപടിയുമായില്ല. ഇക്കഴിഞ്ഞ 18-ാം തീയതി പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഞാൻ ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ ഉടനെ പണി ആരംഭിക്കുമെന്നാണ്

പറഞ്ഞത്. അദ്ദേഹം റാന്നിയിൽ വച്ച് പ്രഖ്യാപനം നടത്തി. ഒരു നടപടിയു മായിട്ടില്ല. 4 കോടി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പുമന്ത്രി ഒപ്പിട്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ കൈയിൽ കൊടുത്തിട്ടുണ്ട്. 4 കോടി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ആ പാലത്തിന്റെ വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് പന്തളത്തെ ജനങ്ങളെ രക്ഷപ്പെടുത്തണം. അവിടെയുള്ള ജനങ്ങൾ പ്രതിഷേധത്തിലാണ്. ഞാനടക്കം അവിടെ ഒരു ദിവസം ഉപവാസമിരുന്നു. ഇന്ന് ഇതിനെ സംബന്ധിച്ച് തീരുമാനമുണ്ടായില്ലെങ്കിൽ ശക്തമായ സമരവുമായി മുന്നോട്ടുപോകണമെന്നാണ് ജനങ്ങളുടെ ആവശ്യം. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഭരണാനുമതി നൽകണമെന്നതാണ് എന്റെ ആവശ്യം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, ശക്തമായ സമരമൊന്നും ആവശ്യമില്ല. പന്തളം നിവാസികളുടെയും ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാറിന്റെയും ആഗ്രഹം പൂവണിയുവാൻ പോവുകയാണ്. പന്തളം ജംഗ്ഷനിൽ എം.സി. റോഡിലെ കുറുന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനവകുപ്പിൽ ലഭിക്കുകയും പ്രസ്തുത

പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

## പി. മുരളിയുടെ കൊലപാതകം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, 27.10.2014-ന് വൈകുന്നേരം കാസർഗോഡ് ജില്ലയിലെ കുമ്പള ശാന്തിപ്പള്ളം എന്ന സ്ഥലത്ത് വച്ച് അവിടത്തെ ഡി.വൈ.എഫ്.ഐ.-യുടെ പ്രവർത്തകനായ മുരളി എന്ന ചെറുപ്പക്കാരനെ രണ്ടു ബൈക്കുകളിലായി നാലു ബി.ജെ.പി. പ്രവർത്തകർ പരസ്യമായി കുത്തിക്കൊല പ്പെടുത്തിയ സംഭവുമായി ബന്ധപ്പെട്ട കാര്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. രണ്ടു ബൈക്കുകളിലായി വന്ന ഈ നാലുപേരെ പോലീസ് അപ്പോൾത്തന്നെ അറസ്റ്റ് ചെയ്ത് കേസെടുത്തുവെങ്കിലും കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ച നാലുപേരെക്കുറിച്ച് പോലീസിന് അറിയാമായിരുന്നു. ആ നാലുപേരെയും പോലീസ് പിന്നീട് അറസ്റ്റ് ചെയ്തു. പക്ഷേ നിസാര വകുപ്പ് ചേർത്ത് കോടതിയിൽ ഹാജരാക്കിയപ്പോൾ ജാമ്യം കൊടുത്ത് വിടുന്ന നടപടിയാണ് സ്വീകരിച്ചത്. ഒരു കൊലപാതകം നടന്നപ്പോൾ ആ കൊലപാതകികളെ സംരക്ഷിക്കാനും ആ കൊലയ്ക്ക് കൂട്ടുനിൽക്കുകയും ചെയ്ത നാലുപേരെ അറസ്റ്റ് ചെയ്ത്

സാധാരണ പെറ്റി കേസ് എടുത്ത് ജാമ്യം കൊടുക്കുന്ന വകുപ്പുകൾ ചേർത്ത് നടപടി സ്വീകരിച്ചു എന്നതാണ് പ്രധാന ആക്ഷേപം. ഇതുതന്നെയാണ് കാസർഗോഡ് ജില്ലയിലെ പല പ്രശ്നങ്ങൾക്കും കാരണമാകുന്നത്. അവിടെ നടക്കുന്ന സംഭവങ്ങളി ലെല്ലാം പോലീസ് ഒരു ഭാഗത്ത് കക്ഷിചേരുകയും മറ്റെല്ലാവരെയും ദ്രോഹിക്കുന്ന നടപടി സ്വീകരിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായാണ് കാസർഗോഡ് പല കുഴപ്പങ്ങളും സംഭവിക്കുന്നത്. ഈ സംഭവത്തിൽ ബി.ജെ.പി.-ക്കാരെ സംരക്ഷിക്കുന്ന തിനുവേണ്ടി കാസർഗോഡ് ഡിവൈ.എസ്.പി. അടക്കമുള്ള പോലീസുകാർ ചെയ്തിട്ടുള്ള കാര്യങ്ങളാണ് ഞാൻ ഈ സഭയിൽ ആക്ഷേപമായി ഉന്നയിക്കുന്നത്. ഈ സംഭവത്തിൽ കൊലക്കുറ്റത്തിന് കൂട്ടുനിന്ന നാലുപേരെ നിസാര പെറ്റി കേസെടുത്ത് സംരക്ഷിക്കുന്ന നടപടിയാണ് കാസർഗോഡ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഒരാൾ യാത്ര ചെയ്തുപോകുന്ന അവസരത്തിൽ വാക്കേറ്റമോ എന്തെങ്കിലും കാര്യമോ ഒന്നും നടക്കാതെ കരുതി കൂട്ടി തടഞ്ഞുനിറുത്തി ക്രൂരമായി കൊല ചെയ്ത സംഭവത്തിൽ നിസാര കേസെടുത്ത് പ്രതികളെ രക്ഷിക്കുന്ന നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത് എന്നതാണ് സത്യം. ഇതുമാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിൽ കുറേ വർഷങ്ങൾക്ക് മുമ്പ് എം. പി. ബാലകൃഷ്ണൻ എന്നൊരാൾ കൊലചെയ്യപ്പെടുകയുണ്ടായി. അതിൽ ഏഴ പേരാണ് പ്രതികൾ.

അതിൽ അഞ്ചുപേരെ പോലീസ് അറസ്റ്റ് ചെയ്ത് കേസെടുത്ത് വിചാരണ നടന്നു കൊണ്ടിരിക്കുകയാണ്. രണ്ടുപേരെ ഇതുവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. എന്നുമാത്രമല്ല, അതിലൊരാൾ കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാരാണ്. ഇവർ രണ്ടുപേരും ഒളിവിൽ എന്നാണ് പോലീസ് പറയുന്നത്. പക്ഷേ അയാൾ എല്ലാ ദിവസവും ബാങ്കിന്റെ അറ്റൻഡൻസ് ബുക്കിൽ ഒപ്പിട്ടതായി കാണുന്നു. ഒളിവിൽ കഴിയുന്ന ഒരാളെ അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിടാൻ അനുവദിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെയും അതിന്റെ മേൽ ഉദ്യോഗസ്ഥനെതിരെയും എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്നതു സംബന്ധിച്ച് ഞാൻ പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചില്ല. അതുമാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നര വർഷം കഴിഞ്ഞു. ഈ മൂന്നര വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ 4 സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും പ്രവർത്തകന്മാർ കൊലചെയ്യപ്പെട്ടു. ഇത് എല്ലാ കൊല്ലവും നടക്കുകയാണ്. പോലീസ് ഏകപക്ഷീയമായി പ്രവർത്തിക്കുന്നതു കൊണ്ടാണ് ഇത് സംഭവിക്കുന്നത്. സി.പി.ഐ.(എം)-കാരും ഡി.വൈ.എഫ്.ഐ. -കാരും മരിച്ചോട്ടെ എന്ന ധാരണ നമ്മുടെ സമൂഹത്തിൽ പോലീസ് വകുപ്പിനകത്തുണ്ടോ എന്ന് ഞങ്ങൾ സംശയിക്കുക

യാണ്. ഈ പ്രശ്നം വളരെ ഗൗരവമായി കാണുകയും മുരളിയെ കൊല ചെയ്ത പ്രതികളായ നാലുപേരെ അറസ്റ്റ് ചെയ്തതോടൊപ്പം ഗൂഢാലോചനയിൽ പങ്കെടുത്ത നാലുപേരെയും കൂടി അറസ്റ്റ് ചെയ്ത് കൊലക്കേസിൽ പ്രതികളാക്കി അവരുടെ പേരിലും നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 27.10.2014 വൈകുന്നേരം 04.35-ന് കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽ എടനാട് ഗ്രാമം സീതാംഗോളി അപ്സര മില്ലിന് സമീപംവച്ച് സുഹൃത്ത് മനോജ് കുമാറിനോടൊപ്പം മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചിരുന്ന സി.പി.ഐ.(എം) പ്രവർത്തകനായ 34 വയസ്സുള്ള മുരളീധരനെ രണ്ട് ബൈക്കുകളിൽ പിന്തുടർന്നെത്തിയ ശരത് രാജ്, മിഥുൻ കുമാർ, വരദരാജ്, ദിനേഷ് ആചാർ എന്നിവർ ചേർന്ന് മോട്ടോർ സൈക്കിളിൽ തടഞ്ഞുനിർത്തി കുത്തി പരിക്കേൽപ്പിച്ചതിനെത്തുടർന്ന് ഗുരുതരമായി പരിക്കേറ്റ മുരളീധരനെ കുമ്പള കോ-ഓപ്പറേറ്റീവ് ആശുപ്രതിയിൽ കൊണ്ടുപോകുന്ന വഴി മരണപ്പെട്ടിട്ടുള്ളതാണ്. മനോജ്കുമാറിന്റെ പരാതി പ്രകാരം ക്രൈം 545/14 U/s 302, 341, 506(2) 34 IPC പ്രകാരം മേൽപ്പറഞ്ഞ നാല് പേരെ

പ്രതികളാക്കി കുമ്പള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ഈ കേസ്സിന്റെ അന്വേഷണം കുമ്പള പോലീസ് സബ് ഇൻസ്പെക്ടർ നടത്തി 30.10.2014, 02.11.2014 തീയതികളിൽ നാല് പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. തുടർന്നുള്ള അന്വേഷണത്തിൽ നിഥിൻ രാജ്, കിരൺകുമാർ, മഹേഷ്, അജിത്കുമാർ തുടങ്ങിയവർ കുറ്റകൃത്യത്തിന് സഹായികളായി പ്രവർത്തിച്ചുവെന്ന് കണ്ടെത്തിയ തിന്റെ അടിസ്ഥാനത്തിൽ അവരെ യഥാക്രമം അഞ്ച് മുതൽ എട്ട് വരെ പ്രതികളായി ഉൾപ്പെടുത്തുകയും IPC 212-ാം വകുപ്പ് അധികമായി ചേർത്തും കോടതിക്ക് റിപ്പോർട്ട് നൽകി. ഈ നാല് പ്രതികളെയും 11.11.2014-ൽ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. ഈ കൊലപാതകത്തിലെ ഗൂഢാലോചന അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. കരുണാകരൻ എം.പി., സി.പി.ഐ (എം) ജില്ലാ സെക്രട്ടറി ശ്രീ. സതീശ് ചന്ദ്രൻ, ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എക്സ്. എം.എൽ.എ. തുടങ്ങിയവർ എന്നെയും മുഖ്യമന്ത്രിയെയും കാസർഗോഡ് ഗസ്റ്റ് ഹൗസിൽ വച്ച് നേരിട്ട് കണ്ട് പരാതി നൽകുകയുണ്ടായി. മുരളിയുടെ ബന്ധുക്കളും പരാതി നൽകിയിരുന്നു. അവരുടെ പരാതി കണക്കിലെടുത്തുകൊണ്ട് കണ്ണൂർ റേഞ്ച് ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ അന്വേഷണത്തിന് പ്രത്യേക സ്ക്വാഡ്

രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റിനോ പോലീസിനോ ആരെയും രക്ഷിക്കേണ്ട ആവശ്യമില്ല. ഇത് നിരന്തരമായ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിലുണ്ടായ കൊലപാതകമാണെന്നുള്ള വിവരമാണ് ലഭിച്ചിട്ടുള്ളത്. ഈ കേസ്സിലെ പ്രതികളായ ബി.ജെ.പി.-ക്കാരെയെല്ലാം റിമാന്റ് ചെയ്തിട്ടുണ്ട്. ശ്രീ. കരുണാകരൻ എം.പി.-യുടെ നേതൃത്വത്തിൽ വന്ന നിവേദക സംഘത്തിന്റെ അഭ്യർത്ഥന പ്രകാരം കണ്ണൂർ ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടന്നുവരികയാണ്. അന്വേഷണത്തിന്റെ വിശദമായ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കുമെന്നുകൂടി ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാസർഗോഡ് ഒരു രാഷ്ട്രീയ പ്രേരിതമായ നടപടിയും പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ലായെന്ന് മെമ്പർക്ക് ഉറപ്പ് നൽകുകയാണ്. കുറ്റകൃത്യങ്ങൾ ആര് ചെയ്താലും കുറ്റത്തിന്റെ ഗൗരവം അനുസരിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണവും നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഉദുമ മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>നെല്ല് സംഭരണ വില കുടിശ്ശിക</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിന്റെ നെല്ലറകളിലൊന്നാണ്

പാലക്കാട്. ഇന്നും മണ്ണിൽ പണിയെടുക്കുന്ന കർഷകനെയും കർഷകത്തൊഴിലാളികളെയും യഥേഷ്ടം കാണാൻ കഴിയുന്നതാണ് പാലക്കാട് ജില്ല. പാലക്കാട്ടുള്ള നെൽ കർഷകരുടെ ഹൃദയവേദനയാണ് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. 15 രൂപയായിരുന്ന കേരളത്തിലെ നെല്ലിന്റെ സംഭരണ വിലയെ 19 രൂപയാക്കി വർദ്ധിപ്പിച്ച ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്നത്. 13 രൂപ 10 പൈസ മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്നിരിക്കെ 5 രൂപ 90 പൈസ കൂടി നൽകിക്കൊണ്ട് നെല്ല് സംഭരിച്ച് സാധാരണക്കാരായ കർഷകനെ സഹായിക്കാൻ ഗവൺമെന്റ് ശ്രമിച്ചുവെന്നുള്ളത് വസ്തുതയാണ്. ഈ സംഭരിച്ച നെല്ലിന്റെ പണം കർഷകന് ലഭിക്കുവാനുണ്ടാകുന്ന കാലതാമസമാണ് ഇപ്പോഴുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം. നെല്ലിന്റെ വില ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ടി വരികയാണ്. പലിശയ്ക്ക് പണം കടമെടുത്താണ് പലപ്പോഴും കർഷകൻ നെൽ കൃഷിയിലേയ്ക്കിറങ്ങുന്നത്. ഒന്നാം വിള ഇറക്കുന്നതിനുവേണ്ടി പണിക്കാർക്ക് കൂലികൊടുക്കുന്നതിനും യന്ത്രങ്ങളുടെ വാടക കൊടുക്കുന്നതിനുമൊക്കെ പണം കർഷകന്റെ കയ്യിൽ ഇല്ലാതെ വരുമ്പോൾ പണം പലിശയ്ക്ക് കടം വാങ്ങിയാണ് കൃഷിയിറക്കുന്നത്. എന്നാൽ സംഭരിച്ച നെല്ലിന്റെ വില ലഭിക്കാനുണ്ടാകുന്ന കാലതാമസം വലിയ വേദനയിലും പ്രയാസത്തിലുമാണ്

എത്തിക്കൊണ്ടിരിക്കുന്നത്. ഈ സീസണിലെ ഒന്നാം വിള സെപ്റ്റംബർ 16-ാം തീയതി ആരംഭിച്ചതാണ്. പാലക്കാട് ജില്ലയിൽ മാത്രം 82,796 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിൽ 140 കോടി രൂപ സർക്കാർ നൽകി. ഇനിയും പാലക്കാട് ജില്ലയിൽ മാത്രം 17 കോടിയോളം രൂപ സർക്കാർ കൊടുക്കാനുണ്ട്. കഴിഞ്ഞ സീസണിൽ 4 -5 മാസത്തോളം നെല്ലിന്റെ സംഭരണ വില കൊടുക്കാൻ കാലതാമസം വന്ന സാഹചര്യം വരെയുണ്ടായി. ഈ സീസണിന്റെ തുടക്കത്തിൽ നെല്ല് സംഭരിച്ചതിന്റെ പണം പെട്ടെന്ന് കൊടുക്കാൻ കഴിഞ്ഞു. പക്ഷെ, പിന്നീടങ്ങോട്ട് വന്നപ്പോൾ വീണ്ടും വീഴ്ചകളുണ്ടായി. ഒക്ടോബർ മാസം മൂന്നാം തീയതി ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി പാലക്കാട് വന്ന് സംസ്ഥാനതല ഉദ്ഘാടനം നടത്തി. PRS (Paddy Receipt Sheet) സംവിധാനം വഴി നെല്ലിന്റെ സംഭരണ വില കിട്ടാൻ ഓഫീസുകൾ കയറിയിറങ്ങണ്ടായെന്നുള്ള പ്രഖ്യാപനവും നമ്മൾ നടത്തി. എന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ കർഷകന്റെ നെല്ലിന്റെ സംഭരണ വിലയുമായുള്ള എല്ലാ പ്രശ്നങ്ങളും ഇതോടുകൂടി പരിഹരിക്കുകയാണെന്ന് പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. കഴിഞ്ഞ സീസണിൽ രണ്ടാം വിള ഇറക്കിയവർക്ക് ഈ വർഷത്തെ ഒന്നാം വിള തുടങ്ങിയതിനുശേഷമാണ് പണം കിട്ടിയത്. ഇത് അങ്ങയുടെ വകുപ്പിന്റെ

വീഴ്ചയല്ലായെന്നുള്ളത് ഞാൻ തിരിച്ചറിയുന്നു. കാരണം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ടിനെക്കാളും ഇരട്ടി തുകയാണ് ഇതിന്റെ പേരിൽ കൊടുക്കേണ്ടി വരുന്നത്. ഇക്കാര്യത്തിൽ റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കണം. റബ്ബറിന് പ്രശ്നം വന്നപ്പോൾ അതിനകത്ത് ഇടപെടാൻ ഗവൺമെന്റ് കാണിക്കുന്ന താൽപ്പര്യം വളരെ അഭിനന്ദനാർഹമാണ്. ആ താൽപ്പര്യം എന്തുകൊണ്ട് പാവപ്പെട്ട നെൽ കർഷകന്റെ കാര്യത്തിൽ ഉണ്ടാകുന്നില്ലായെന്നുള്ളത് ഒരു വേദനയായി മുന്നോട്ട് വയ്ക്കാൻ ആഗ്രഹിക്കുകയാണ്. റബ്ബറിന് സംഭരണം നടത്തിയാൽ അതിന് പണം കൊടുക്കാനുണ്ടാകുന്ന കാലതാമസവും നെല്ലിന്റെ സംഭരണം നടത്തിയാൽ അതിന് വരുന്ന കാലതാമസവും തമ്മിൽ താരതമ്യം ചെയ്താൽ ഞാൻ പറഞ്ഞതിലെ വസ്തുത നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നെൽ കൃഷി കുറഞ്ഞുവരുന്നതിന്റെ പേരിൽ നമ്മളെല്ലാവരും കണ്ണീർപൊഴിക്കുന്നതാണ്. പാടം മുഴുവൻ നികത്തിക്കൊണ്ടിരിക്കുന്നതിന് എല്ലാവരും വേദന പങ്കു വയ്ക്കുന്നുണ്ട്. ഇത് നികത്താതിരിക്കണമെങ്കിൽ ഈ കൃഷി നടത്തുന്ന പാവപ്പെട്ട കർഷകന് അത് ലാഭകരമായികൊണ്ടു നടക്കാൻ കഴിയണം. കർഷകനിൽ നിന്ന് സംഭരിച്ച് നെല്ലിന്റെ പണം ഏറ്റവും ചുരുങ്ങിയത് 1-2 ദിവസങ്ങൾക്കുള്ളിലെങ്കിലും കൊടുക്കാൻ ഗവൺമെന്റിന് കഴിയണം. 24

മണിക്കൂറിനുള്ളിൽ/മൂന്ന് ദിവസത്തിനുള്ളിൽ കൊടുക്കാൻ കഴിയുമെന്നെല്ലാം നമ്മൾ പ്രഖ്യാപിച്ചതാണ്. അതുകൊണ്ട് ഇതിന് അടിയന്തരമായി പരിഹാരം വേണം. ഇത് അങ്ങയുടെ വകുപ്പിന്റെ മാത്രം പ്രശ്നമല്ലായെന്ന് പൂർണ്ണമായും ബോധ്യമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാര്യമാത്ര പ്രസക്തമായി ഇടപെടണം. ഇതിനൊരു റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെയുള്ള എന്തെങ്കിലും സംവിധാനം വച്ചുകൊണ്ട് കർഷകന് അവന്റെ നെല്ല് സംഭരിച്ചാൽ പണം സമയബന്ധിതമായി കിട്ടുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. കേന്ദ്ര സർക്കാരിന്റെ സമീപനം താങ്ങുവിലയ്ക്ക് അപ്പുറത്ത് ബോണസ് സംസ്ഥാന സർക്കാർ നൽകാൻ പാടില്ലായെന്ന നയം വരുന്നുവെന്ന് കേട്ടു. അതുപോലെ ഈ സബ്സിഡി കൊടുക്കുന്നതാണ് മാർക്കറ്റിൽ ധാന്യവില ഉയരുന്നതിന്റെ പ്രധാനപ്പെട്ട കാരണമെന്നുള്ളതുകൊണ്ട് അത് കൂടുതലായി കൊടുക്കരുതെന്നുള്ളതും കേട്ടു. ഇത് രണ്ടുംകൂടി വന്നാൽ കേരളത്തിലെ നെൽപ്പാടങ്ങൾ മുഴുവൻ തരിശായി മാറുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. 15 രൂപയിൽ നിന്ന് 19 രൂപയാക്കി മാറ്റിയ സർക്കാരിനും സംഭരണത്തിന്റെ കാര്യത്തിൽ ഇതുവരെയില്ലാത്ത വിധത്തിൽ ഏറ്റവും നന്നായി കഴിഞ്ഞ സീസണിൽ റിക്കാർഡ് നെൽ സംഭരണം നടത്തിയ ഗവൺമെന്റിന്...... ഈ പണം സമയബന്ധിതമായി കൊടുക്കാനുള്ള നടപടികൂടി എടുത്താൽ

തീർച്ചയായും കേരളത്തിലെ നെൽ കർഷകൻ എന്നും സർക്കാരിനെ നന്ദിയോടുകൂടി സ്മരിക്കും. അതിന് അങ്ങയുടെ ഭാഗത്തുനിന്ന് നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2014 സെപ്റ്റംബർ മാസം 20-ാം തീയതി മുതലാണ് ഈ സീസണിലെ നെല്ല് സംഭരണം ആരംഭിച്ചത്. ഈ സീസണിൽ നാളിതുവരെയായി 1.28 ലക്ഷം മെട്രിക് ടൺ നെല്ല് സംസ്ഥാനത്ത് സംഭരിക്കുകയുണ്ടായി. ഈ ഇനത്തിൽ 243.56 കോടി രൂപയാണ് കർഷകർക്ക് നൽകാനുള്ളത്. ഇതിൽ 190.72 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തു. കോട്ടയം ജില്ലയിൽ 10.11.2014 വരെയും ആലപ്പുഴ ജില്ലയിൽ 05.11.2014 വരെയും പി.ആർ. ഷീറ്റുകൾക്ക് അനുസൃതമായി കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക നൽകി. പാലക്കാട് ജില്ലയിൽ നിന്ന് ഇതുവരെ 82,000 മെട്രിക് ടൺ നെല്ല് ഈ സീസണിൽ സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വിലയായ 155.72 കോടി രൂപയിൽ 140.25 കോടി രൂപ കർഷകർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഏകദേശം 15.46 കോടി രൂപ കർഷകർക്ക് നൽകുവാൻ കുടിശ്ശികയുണ്ട്. 2014 നവംബർ ആറ്

വരെ നൽകിയ പി.ആർ. ഷീറ്റുകളുടെ തുക കർഷകർക്ക് വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിലാണ് ആദ്യമായി പി.ആർ. ഷീറ്റ് ഫീൽഡിൽ വച്ചുതന്നെ കർഷകർക്ക് കൊടുക്കുന്ന പദ്ധതിക്ക് ആരംഭം കുറിച്ചത്. അതിനനുസൃതമായി പാഡി റെസീപ്റ്റ് ഷീറ്റ് കർഷകർക്ക് ഓൺ ദ സ്പോട്ടിൽ കൊടുക്കുകയാണ്. നേരത്തെ ഒന്ന് രണ്ടാഴ്ച വരെ കാത്തിരിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. അതിന് വിപരീതമായി അപ്പോൾത്തന്നെ കൊടുക്കുവാനുള്ള സന്ദർഭങ്ങൾ ഇപ്പോഴുണ്ട്. പി.ആർ.എസ്. ലഭ്യമാകുന്ന മുറയ്ക്ക് തന്നെ പൈസയും കർഷകർക്ക് കൊടുക്കണമെന്നുള്ള രീതിയിലാണ് പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവിഷ്കരിച്ചത്. നിർഭാഗ്യവശാൽ സംഭരണ തുക കൊടുക്കുന്നതിൽ  കാലതാമസം പിന്നീടും ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മൂന്ന് മാസം വരെ നീണ്ടുനിന്നിരുന്ന കുടിശ്ശിക ഒരു മാസമായി ചുരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു മാസത്തിനുള്ളിലെങ്കിലും തുക കൊടുത്ത് തീർക്കുവാനായിട്ടുള്ള സന്ദർഭമുണ്ട്. ഇപ്പോഴും ഒരു മാസത്തെ തുക കുടിശ്ശികയുണ്ട്. നേരത്തെ മൂന്ന്  മുതൽ നാല് മാസം വരെ കുടിശ്ശിക നീണ്ടുനിന്നുവെന്നുള്ളത് വസ്തുതയാണ്. ഗവൺമെന്റ്  പരമാവധി തുക ലഭ്യമാക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ചില പരിമിതികൾ  അതിന്റെ

ഭാഗമായി നിൽക്കുന്നുവെന്നത് നിഷേധിക്കുന്നില്ല. ഇതിന്റെ സാങ്കേതിക വശങ്ങൾ പാവപ്പെട്ട കർഷകരോട് പറയേണ്ട കാര്യവുമില്ല. അത് ന്യായീകരിക്കുവാനും എനിക്ക് സാധിക്കില്ല. അതുകൊണ്ട് തന്നെ കൂടുതൽ ലോൺ ഇക്കാര്യത്തിൽ എടുക്കുവാനുള്ള സാഹചര്യങ്ങൾ എത്രമാത്രമാണെന്ന് പരിശോധിക്കാനായി വീണ്ടും സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 19 രൂപയായി ഉയർത്തിയാണ് സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. കേന്ദ്രം നൽകുന്നതിനേക്കാൾ ഉയർന്ന സബ്സിഡി സംസ്ഥാനങ്ങൾ കൊടുക്കരുതെന്ന അഭിപ്രായം മുമ്പോട്ട് വച്ചിട്ടുണ്ടായിരുന്നു. ആ അഭിപ്രായത്തിന്മേൽ ഉടൻതന്നെ അതിനുള്ള തടസ്സം സംസ്ഥാനം ഉന്നയിച്ചിരുന്നു. ഞങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് കർഷകർക്ക് കൊടുക്കുന്നത് 19 രൂപയാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന സംഭരണ വിലകളിലൊന്നാണ് കേരളത്തിൽ കൊടുക്കുന്നത്. അതേ രീതിയിൽ മുന്നോട്ട് പോകാനാണ് സംസ്ഥാനം ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അത്തരത്തിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി നയത്തിൽ മാറ്റം വരുത്തുവാൻ സംസ്ഥാനം ആഗ്രഹിക്കുന്നില്ലായെന്നുകൂടി വ്യക്തമാക്കുകയാണ്. ഇതിനകത്ത് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറച്ചുകൊണ്ട് എത്രയും പെട്ടെന്ന് തുക കൊടുക്കാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കുന്നുണ്ട്.

## നിരാഹാര സമരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ ലോ കോളേജിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം, കാന്റീൻ സൗകര്യം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി ഒരു നിരാഹാര സമരം കുറച്ചുദിവസമായി നടക്കുകയാണ്. അവരുടെ ആരോഗ്യസ്ഥിതി വളരെ മോശമായതുകൊണ്ട് ജില്ലാ കളക്ടറുടെ പ്രതിനിധിയായി എത്തിയ എ.ഡി.എം. (Additional District Magistrate) -ന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തൽക്കാലം സമരം നിർത്തിവച്ചു. പക്ഷേ അത് താൽക്കാലികമാണ്. അതുകൊണ്ട് ഈ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇന്നും വളരെ റെലവന്റാണ്. ഈ കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, തൃശ്ശൂർ ലോ കോളേജിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ച്

കെ.എസ്.യു. എന്ന വിദ്യാർത്ഥി സംഘടന അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ചു. തൃശ്ശൂർ എ.ഡി.എം. (Additional District Magistrate)-ന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് 01.12.2014-ൽ നിരാഹാര സമരം  പിൻവലിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഉന്നയിച്ച ഹോസ്റ്റൽ സൗകര്യം, ക്യാന്റീൻ സൗകര്യം തുടങ്ങിയ കാര്യങ്ങളിൽ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതനുസരിച്ച്, എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

ശ്രീ. എം. പി. വിൻസെന്റ്: സർ, ഏറ്റവും പ്രാധാന്യമുള്ള ഒരു വിഷയമാണിത്.  ഒരു പൗരന് അവകാശമായ ഭൂമിയാണെങ്കിലും അവന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും ആ ഭൂമിയിൽ അവന് ക്രയവിക്രയം ചെയ്യാനുള്ള അവകാശവും അധികാരവുമുണ്ട്. പട്ടയമുള്ള ഭൂമിയിൽപ്പോലും മരങ്ങൾ മുറിക്കാനോ വീട് വയ്ക്കാനോ  കഴിയാത്ത ഒരവസ്ഥ മലയോര മേഖലയിൽ വന്നുകൊണ്ടിരിക്കുന്നു. നാൽപ്പത് വർഷമായി കൈവശമിരിക്കുന്ന

ഭൂമിയിലെ മരങ്ങൾ മുറിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് ഗവൺമെന്റ് പറയുന്നു. പക്ഷെ പലപ്പോഴും മരം മുറിക്കാൻ വരുമ്പോൾ അനുവദിക്കുന്നില്ല. തേക്കോ ഈട്ടിയോ ചന്ദനമോ പോലുള്ള മരങ്ങളൊന്നുമല്ല, സാധാരണ പാഴ്മരങ്ങളാണ്. അല്ലെങ്കിൽ കുറച്ചുകൂടി വിലപിടിപ്പുള്ള പ്ലാവോ മറ്റേതെങ്കിലും മരങ്ങളോ മുറിക്കാൻ വരുമ്പോൾ അതുമായി ബന്ധപ്പെട്ട് ഇല്ലാത്ത നിയമങ്ങളുടെ പേരുപറഞ്ഞ് വനം വകുപ്പും മറ്റുള്ള വകുപ്പുകളും കേസ് എടുക്കുന്ന അവസ്ഥ നിലനിൽക്കുകയാണ്. 1971-നുമുമ്പ് കൈവശാവകാശമുള്ള ഭൂമിയിൽ മരം മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. അതിന് വേണ്ടത്ര നിബന്ധനകളോ, തീരുമാനങ്ങളോ, ഓഡറുകളോ ഒന്നുംതന്നെയുള്ളതായി അറിവില്ല. എന്നാൽ ഈ വിഷയത്തിൽ സർക്കാർ അടിയന്തരമായി ഉത്തരവ് ഇറക്കേണ്ടതുണ്ട്. മലയോര മേഖലയിൽ 50 വർഷമായി ജീവിക്കുന്ന പാവപ്പെട്ടവരായിട്ടുള്ള ആളുകൾ പട്ടയത്തിനുവേണ്ടി അപേക്ഷിച്ചിട്ടും അവർക്ക് പട്ടയംകൊടുക്കാൻപോലും പലപ്പോഴും കഴിയുന്നില്ല. വളരെ കുറച്ചുപേർക്ക് മാത്രമാണ് പട്ടയം ഉള്ളത്. അങ്ങനെ പട്ടയമുള്ളവർക്കുപോലും അവരവരുടെ ഭൂമിയിൽ ക്രയവിക്രയം നടത്തുന്നതിനോ മരങ്ങൾ മുറിച്ചുമാറ്റുന്നതിനോ അനുവാദം കൊടുക്കുന്നതിന്

തടസ്സം സൃഷ്ടിക്കുന്ന ഏത് ഉദ്യോഗസ്ഥനായാലും അവരുടെ പേരിൽ നടപടിയെടുക്കണം. അതിനൊരു അനുവാദം ഉത്തരവിലൂടെ വരണം. ജനപ്രതിനിധികളായ നാമെല്ലാവരും ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം അത്തരം കാര്യങ്ങളിൽ സഹായിക്കാനും അതിന് മുമ്പിൽ നിൽക്കാനുമുള്ള ആവശ്യകതയുണ്ടാകും. അതുകൊണ്ട് ദയവുചെയ്ത് സർക്കാർ ഈ വിഷയം ഗൗരവമായി എടുത്ത് പട്ടയമുള്ള ഭൂമിയിൽ ചന്ദനമോ ഈട്ടിയോ തേക്കോ അല്ലാത്ത പാഴ്മരങ്ങളായിട്ടുള്ള മറ്റ് മരങ്ങൾ മുറിക്കുന്നതിന് അനുമതിയ്ക്കുള്ള ഉത്തരവ് പുറപ്പെടുവിപ്പിക്കുകയും ഇന്ന് ബഹുമാനപ്പെട്ട മന്ത്രി അതിനനുകൂലമായ ഒരു മറുപടി പറയണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അപേക്ഷിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് ഏറ്റവും അവസാനം പറഞ്ഞ അനുകൂലമായ മറുപടി എന്നതാണ് ഏറ്റവും ശരി. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാടാണ് എടുക്കുന്നത്. പക്ഷെ നിലവിലുള്ള നിയമത്തിൽ ചില പ്രശ്നമുണ്ട്. അതുകൊണ്ട് നിയമത്തിനകത്ത് ഒരു മാറ്റം

വരുത്തണം. ഇതുസംബന്ധിച്ച് പട്ടയമുള്ള ഭൂമിയിൽനിന്നും മൂൻകൂർ അനുമതി വാങ്ങാതെ മരങ്ങൾ മുറിച്ചുമാറ്റാൻ (ചന്ദനം ഒഴികെയുള്ള മരങ്ങൾ) അനുമതി നൽകാൻ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഗവൺമെന്റ് തീരുമാനിക്കണം. ചന്ദനം ഒരു royal tree ആണെന്നുള്ളതുകൊണ്ട് അതിന് പ്രത്യേക പരിഗണന വേണം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനെ സംബന്ധിച്ച് ഒരു യോഗം നേരത്തെ കൂടിയിരുന്നു. അതിന്റെ തുടർനടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്. തേക്ക് മുതൽ പുളിവാക വരെയുള്ള മുപ്പത് ഇനം മരങ്ങളാണ് ഈ നിബന്ധനകൾക്ക് വിധേയമായി ഇപ്പോൾ നിൽക്കുന്നത്. അതുകൊണ്ട് നിയമത്തിൽ മാറ്റം വരുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. 1993-ലെ Kerala Land Assignment Act പ്രകാരം 01.01.1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമീകരിച്ചുകൊണ്ട് പട്ടയം നൽകുമ്പോൾ Rule VIII പ്രകാരം പട്ടയ ഭൂമിയിലുള്ള മരങ്ങളെ സംബന്ധിച്ച് ഈ നിബന്ധനകൾ വന്നുപെടുകയാണ്. അതുകൊണ്ട് ഈ മരങ്ങൾ സർക്കാരിൽ നിക്ഷിപ്തവും സംരക്ഷിക്കാൻ പട്ടയദായകർക്ക് ബാദ്ധ്യതയുണ്ട് എന്നുള്ളതുമാണ് നിലവിലുള്ള നിയമം. പക്ഷേ കാലംമാറിയപ്പോൾ ആ നിയമം പ്രായോഗികമല്ലെന്നും അതിൽ മാറ്റം വേണമെന്ന് ഗവൺമെന്റ്

കണക്കാക്കുകയും ചെയ്യുകയാണ്. Kerala Forest (Preservation, Reproduction and disposal of trees and timber belonging to Government but grown on land in the occupation of the private persons) Rule, 1975. അതിനകത്ത് മാറ്റം വരുത്തിയാൽ മാത്രമേ ഇത് പ്രാവർത്തികമായി വരികയുള്ളൂ. അതുകൊണ്ട് അതിൽ മാറ്റമുണ്ടാക്കുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയാണ്. ആ നിയമം മാറ്റുന്നതിനുള്ള നടപടി പൂർത്തിയാകുന്നതോടുകൂടി ഇപ്പോഴത്തെ പ്രായോഗികമായിട്ടുള്ള പ്രശ്നം തീരും. എന്നാലും, ഗവൺമെന്റ് ഈ പ്രോസസിലേക്ക് പോകുന്നതുകൊണ്ട് ആവശ്യമായ നടപടിയെടുക്കുമ്പോൾ വളരെ സൂക്ഷ്മതയോടുകൂടി വേണമെന്ന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും സംരക്ഷണം

ശ്രീ. കെ. വി. വിജയദാസ്: സർ, കേരളത്തിലെ വനമേഖലകളിലും സമീപ പ്രദേശങ്ങളിലും താമസിക്കുന്ന മുഴുവൻ ആളുകളുടെയും ഗൗരവമേറിയ പ്രശ്നമാണ് ഞാൻ അവതരിപ്പിക്കുന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാട്, മണ്ണാർകാട്, മലമ്പുഴ, നെന്മാറ മണ്ഡലങ്ങളിലെ നിരവധി പ്രദേശങ്ങൾ

രൂക്ഷമായ രീതിയിൽ കാട്ടാനകളുടെയും കാട്ടുമൃഗങ്ങളുടെയും ആക്രമണത്തിൽപ്പെട്ട് ബുദ്ധിമുട്ടുകയാണ്. കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല, ഇരുമ്പകച്ചോല, പാമ്പുംതോട്, വെറ്റിലച്ചോല പ്രദേശങ്ങളും തച്ചമ്പാറ പഞ്ചായത്തിലെ പാലക്കയം, വട്ടപ്പാറ, നിരവ് മേഖലയും കരിമ്പ പഞ്ചായത്തിലെ കല്ലടിക്കോട്, ചെറുമല, മീൻവല്ലം, വലിയൊട്ടി, പൂഴിക്കുന്ന്, പുതുക്കാട്, മൂന്നേക്കർ കോങ്ങാട് പഞ്ചായത്തിലെ ചേറായി, തൃപ്പലമുണ്ട എന്നീ പ്രദേശങ്ങളിൽ എല്ലായ്പ്പോഴും കാട്ടാനകൾ വന്ന് വിഹരിക്കുകയാണ്. വ്യാപകമായി കൃഷി നശിപ്പിച്ചും ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയാകുകയും ചെയ്യുന്നു. കാട്ടാനകൾ ജനവാസ കേന്ദ്രങ്ങളിൽ വരുന്നതിനെ തടയാൻ നിലവിൽ ഒരു സംവിധാനവുമില്ല. വനപാലകർക്കും നിസ്സഹായരായി നോക്കിനിൽക്കാനേ കഴിയുന്നുള്ളൂ. ഈ മേഖലയിൽ സോളാർ ഫെൻസിംഗ്, ട്രെഞ്ച് കുഴിക്കൽ, സംരക്ഷണ ഭിത്തി കെട്ടൽ, വനസംരക്ഷണ സമിതിയുടെ പ്രവർത്തനം വിപുലപ്പെടുത്തൽ തുടങ്ങിയ സംവിധാനങ്ങളൊന്നുംതന്നെ ഇപ്പോൾ കേരളത്തിലെവിടെയുമില്ല. അതുപോലെ മനുഷ്യന് അപകടം സംഭവിച്ചാലും കൃഷിനാശം സംഭവിച്ചാലും വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് ഇപ്പോഴുള്ളത്. അതിന് ധാരാളം

സാങ്കേതിക തടസ്സങ്ങളുമുണ്ട്. അതുകൊണ്ട് നടപടിക്രമങ്ങൾ ലഘൂകരിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിക്കുകയാണ് ഇതിന് സഹായകരമായിട്ടുള്ള ഒരു നിലപാട്. ഇപ്പോഴാകട്ടെ കാട്ടാനകൾ വന്നാലും കാട്ടുമൃഗങ്ങൾ വന്നാലും എത്ര വിളിച്ചാലും വനപാലകർ വരാത്ത സ്ഥിതിയുമുണ്ട്. വനപാലകർക്കാവശ്യമായിട്ടുള്ള ഉപകരണമോ, വാഹനമോ, മറ്റ് ആയുധ സംവിധാനങ്ങളോ ഒന്നുമില്ല. ഇത്തരത്തിൽ വലിയ തോതിൽ ഭീതിജനകമായ രീതിയിലാണ് ഈ വനമേഖലയിൽ അധിവസിക്കുന്ന കൃഷിക്കാരും ജനങ്ങളും ഇപ്പോൾ നിൽക്കുന്നത്. ഈ അവസരത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയായ കാര്യങ്ങളാണ്. വനമേഖലയിൽ താമസിക്കുന്ന കൃഷിക്കാർക്ക് നിരന്തരമായുണ്ടാകുന്ന ഒരു പ്രശ്നമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. കേരളത്തിലെ ആറോ ഏഴോ ജില്ലകളിൽ ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. നാല് പ്രധാനപ്പെട്ട കാര്യങ്ങൾ വന്യമൃഗങ്ങൾ

പുറത്തേയ്ക്കിറങ്ങുന്നതിന് കാരണമായി കാണുകയാണ്. അതിലൊന്ന് വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് രണ്ട്, ഈ വന്യമൃഗങ്ങൾ ആഹാരം തേടിയും പ്രത്യേകിച്ച് അവയ്ക്ക് താല്പര്യമുള്ള പൈനാപ്പിൾ പോലുള്ള ഭക്ഷ്യസാധനങ്ങളുടെ ഗന്ധംകൊണ്ടും കൂടാതെ വെള്ളത്തിനുവേണ്ടിയും പുറത്തേയ്ക്ക് വരുന്നുണ്ട്. അതോടൊപ്പം ആനത്താര അടച്ചതുകൊണ്ട് വന്യമൃഗങ്ങൾ മറ്റു പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നു. ഇങ്ങനെ മൂന്നുനാല് പ്രശ്നങ്ങൾ ഇതിനകത്ത് സീരിയസ്സായി നില്ക്കുന്നു. അത് സിവിൽ സൊസൈറ്റി എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് ഗൗരവതരമായി ആലോചിക്കണം. ഗവൺമെന്റും അക്കാര്യത്തിൽ ചിന്തിക്കണം. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 2014-ൽ 620 കിലോമീറ്റർ വനാതിർത്തിയിൽ കല്ലുപാകിയ കിടങ്ങുകൾ സ്ഥാപിക്കുന്നതിന് രണ്ടു വർഷക്കാലത്തേയ്ക്ക് ഒരു സ്കീം ഇടുകയാണ്. കേരളം വനവിസ്തൃതിയുള്ള സംസ്ഥാനമായതുകൊണ്ട് ഒറ്റയടിക്ക് അതെല്ലാം തീരില്ല. കേരളത്തിൽ ഏതാണ്ട് 29.8%- വും വനഭൂമിയാണ്. അതുകൊണ്ട് ആ പ്രദേശം ഒരു വർഷംകൊണ്ടോ ചെറിയ കാലഘട്ടം കൊണ്ടോ ഒരു ഫെൻസിംഗ് നടത്താൻ സാധ്യമല്ല. 2014-16 കാലഘട്ടത്തിൽ ഘട്ടംഘട്ടമായി തീർക്കുന്നവിധത്തിൽ

620 കി.മീ. വനാതിർത്തിയിൽ കല്ലുപാകിയ കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, റെയിൽപ്പാളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വേലികൾ, സൗരോർജ്ജ വേലികൾ ജൈവ വേലികൾ എന്നിവ ഓരോ സ്ഥലത്തും അനുയോജ്യമായ രീതിയിൽ നിർമ്മിക്കുന്നതിന് 259 കോടി രൂപയുടെ ഒരു കൃഷിരക്ഷാ പദ്ധതിക്ക് ഭരണാനുമതി ഡിപ്പാർട്ട്മെന്റ് നല്കിയിട്ടുണ്ട്. കർഷകർക്ക് സ്വന്തം കൃഷിയിടങ്ങളിൽ വച്ച് കാട്ടുപന്നികളെ വേട്ടയാടുന്നതിനുള്ള വ്യവസ്ഥ ഉദാരവൽക്കരിച്ചിട്ടുണ്ട്. ഒരു മാസം മുമ്പുള്ള മന്ത്രിസഭായോഗത്തിൽ അതിനെക്കുറിച്ച് സീരിയസ്സായി ചർച്ച നടന്നിരുന്നു. സ്വയരക്ഷയ്ക്കുവേണ്ടി കാട്ടുപന്നികളെ വേട്ടയാടാൻ ആളുകൾക്ക് അനുവാദം കൊടുക്കുന്ന ഒരു റിലാക്സേഷൻ ഗവൺമെന്റ് വരുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണം നിമിത്തം കാർഷിക വിളകൾ, വീട്, കന്നുകാലി എന്നിവയ്ക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന് പരമാവധി 75,000/- രൂപാ നിരക്കിൽ ഒരു വർഷം നാലുതവണവരെ നഷ്ടപരിഹാരം നല്കിവരുന്നുണ്ട്. വന്യജീവി ആക്രമണം നിമിത്തം മുറിവേല്ക്കുന്നവർക്ക് 75,000/- രൂപാ വരെയുള്ള ചികിത്സാച്ചെലവ് നല്കുന്നതിനും ആദിവാസിഗോത്ര വിഭാഗത്തിൽപ്പെട്ട ആളുകളുടെ ചികിത്സാച്ചെലവ് പൂർണ്ണമായും നൽകുന്നതിനും ഗവൺമെന്റ്

തീരുമാനിക്കുകയാണ്. വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന സ്ഥായിയായ അംഗഭംഗത്തിനും 75000/- രൂപാ വരെ നഷ്ടപരിഹാരം നല്കുന്നു. വന്യജീവികളുടെ ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ നിന്ന് 3 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2 ലക്ഷം രൂപയും കൂടി ചേർത്ത് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് കോമ്പൻസേഷൻ കൊടുക്കുക എന്നുള്ളതാണ് ഇപ്പോൾ നിലനില്ക്കുന്ന സിസ്റ്റം. കണ്ണൂർ, വയനാട് ജില്ലകളിൽ പ്രശ്നബാധിത വനാതിർത്തികളിൽ ജനങ്ങളുടെ സഹകരണത്തോടുകൂടി സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 2013-14 സാമ്പത്തികവർഷത്തിൽ വയനാട്, കണ്ണൂർ വനാതിർത്തികളിൽ സൗരോർജ്ജ വേലികളും കരിങ്കൽ മതിലുകളും കിടങ്ങുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണ്. വന്യജീവി ആക്രമണം നേരിടുന്നതിന് 8 റാപ്പിഡ് റെസ്പോൺസ് ഫോഴ്സുകൾ പ്രവർത്തനമാരംഭിക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം മണ്ണാർകാട് നിയോജകമണ്ഡലത്തിലാണ്. കാട്ടാന ശല്യം നേരിട്ടുകൊണ്ടിരിക്കുന്ന വയനാട്, മലപ്പുറം ജില്ലകളിൽ രണ്ട് എലിഫന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. വയനാട്ടിൽ എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. പ്രത്യേക സൗകര്യങ്ങളോടുകൂടിയ രണ്ടു ലോറികൾ, നാല് ക്യാമ്പർ ജീപ്പുകൾ, മയക്കുവെടി, തോക്കുകൾ തുടങ്ങിയവ എക്യുപ്മെന്റ്സിന്റെ ഇനത്തിൽ എലിഫന്റ് സ്ക്വാഡിന് വേണ്ടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2013-14 സാമ്പത്തികവർഷത്തിൽ വന്യജീവികളിൽ നിന്നുള്ള നാശനഷ്ടങ്ങൾ, ജീവഹാനി എന്നിവയ്ക്ക് 659 ലക്ഷം രൂപ ഇതിനോടകംതന്നെ നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. വന്യജീവി ആക്രമണത്തിനെതിരെ സംസ്ഥാനത്ത് നടപ്പാക്കിയ പ്രതിരോധപ്രവർത്തനങ്ങളിൽ ഒന്ന്, വൈദ്യുതി കമ്പിവേലി 707 കി.മീ., 494 കി.മീ. ആനപ്രതിരോധ കിടങ്ങ്, 20 കി.മീ. ആനപ്രതിരോധ ഭിത്തി, ചെയിൻലിങ്ക് ഫെൻസ് 0.45 കി.മീ., കയ്യാല, 4 കി.മീ., ജൈവവേലി 4 കി.മീ. എന്നിങ്ങനെയാണ് ഇപ്പോൾ നമ്മൾ അനുമതി കൊടുത്തിട്ടുള്ളതിന്റെ സിസ്റ്റം. കോങ്ങാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം നിമിത്തം മനുഷ്യർക്ക് ജീവഹാനിയും പരിക്കും സംഭവിച്ചതിനും കാർഷിക വിളകൾ നഷ്ടപ്പെട്ടതിനും 24,80,614/- രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ

നിർമ്മിച്ചു നല്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാനശല്യം രൂക്ഷമായി അനുഭവപ്പെടുന്ന മണ്ണാർക്കാട് റേഞ്ചിലെ പാലക്കയം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽപ്പെട്ട മൂന്നേക്കർ, കാഞ്ഞിരംകുളം, ചെറുമന, പറക്കല്ല്, കരിപ്പോടി, മുറ്റിയാംകോട്, വാക്കോട് എന്നീ പ്രദേശങ്ങളിലെ വനാതിർത്തിയിൽ 14.05 കി.മീ. സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. മണ്ണാർക്കാട് ആസ്ഥാനമാക്കിയിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന് പുറമെ ഒരു താല്ക്കാലിക എലിഫന്റ് സ്ക്വാഡിന്റെ സേവനവും വന്യജീവി ആക്രമണത്തെ നേരിടുന്ന ആ പ്രദേശത്ത് അടിയന്തരഘട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റ് കർമ്മ പരിപാടികൾകൂടി ആവിഷ്ക്കരിക്കുന്നു.

## <u>കൈവശഭൂമിക്ക് പട്ടയം</u>

<u>ശ്രീ. കെ. രാജു:</u> സർ, കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ സാംനഗർ എന്ന സ്ഥലത്ത് 45-ാളം കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം നല്കണം എന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ ഞാൻ നേരത്തെതന്നെ കൊണ്ടുവന്നിട്ടുള്ളതാണ്.

ആയതിൻപ്രകാരം മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും കൂടി ഒരു യോഗം ചേരുകയും ചില നടപടികൾ അക്കാര്യത്തിൽ തീരുമാനിക്കുകയുമുണ്ടായി. ഇവരെല്ലാം പട്ടയത്തിന് അർഹതയുള്ളവരാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് തെൻമല ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ നിന്ന് ഒഴിപ്പിച്ച് ഗവൺമെന്റുതന്നെ അവരെ മാറ്റി പാർപ്പിച്ചിട്ടുള്ള ഈ സ്ഥലത്തിന് കൈവശരേഖ കൊടുത്തിട്ടുണ്ട്, പട്ടയം കൊടുത്തിട്ടില്ല. അവർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി അടിയന്തരമായ നടപടികളുണ്ടാകണം. ഗവൺമെന്റ് വനംവകുപ്പിന്റെ ഭൂമിയിലാണ് അവരെ ഇപ്പോൾ പാർപ്പിച്ചിരിക്കുന്നത്. ആ സ്ഥലത്ത് പട്ടയം കൊടുക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. ആ സ്ഥലത്തിന് പട്ടയം കൊടുക്കണമെങ്കിൽ പകരം ഭൂമി റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറണം. അതിനാവശ്യമായ തീരുമാനം മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് അങ്ങ് കൂടി പങ്കെടുത്ത യോഗത്തിൽ തീരുമാനമായതാണ്. ഇതിന്റെ നടപടികൾ നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തതാണ്. പക്ഷെ ഇതുവരെ യാതൊരുവിധ നടപടികളുമുണ്ടായിട്ടില്ല. ഇവരുടെ വസ്തുവിന് പട്ടയം കൊടുക്കാൻ

അടിയന്തരമായ തീരുമാനമെടുക്കുകയും നടപടികൾ നടത്തുകയും ചെയ്യണം. അവർ ഇപ്പോൾ താമസിക്കുന്ന വസ്തു വനംവകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ട വസ്തു ആണെങ്കിലും ആ വസ്തു തിരിച്ച് റീ-കൺവെർട്ട് ചെയ്ത് വനമാക്കുക എന്നുപറയുന്നത് പ്രയാസമാണ്. അതുകൊണ്ട് വനംവകുപ്പിന് പകരം ഭൂമി കൊടുത്തുകൊണ്ട് ഈ ഭൂമിയിൽ ഇവർക്ക് പട്ടയം കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ റവന്യൂവകുപ്പുമന്ത്രി വ്യക്തിപരമായി ഇടപെടണമെന്ന് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തെന്മല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ സാംനഗർ കോളനിയിൽ പുനരധിവസിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ ഉദ്യോഗസ്ഥരുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിലെ കൈവശക്കാർക്ക് പട്ടയം നല്കുന്നതിന് പകരമായി ഇടുക്കി

ജില്ലയിലെ ദേവികുളം താലൂക്കിൽ 90 ഏക്കർ റവന്യൂ ഭൂമി കണ്ടെത്തി വനംവകുപ്പിന് കൈമാറുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. ജില്ലാ കളക്ടർ ദേവികുളം താലൂക്കിൽ കീഴാന്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 50-ൽ റീസർവ്വെ 4 -(1)-ൽപ്പെട്ട 90 ഏക്കർ ഭൂമി ഈ ആവശ്യത്തിന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പരിഹാര വനവത്ക്കരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ഇതിന്റെ നടപടികളിലേക്കൊന്നും പോയിട്ടില്ലോയെന്നാണ്. അതുശരിയല്ല. ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഇടുക്കി ജില്ലയിൽ കീഴാന്തൂർ വില്ലേജിൽ ഭൂമി കണ്ടെത്തി നടപടികളുമായി മുന്നോട്ടുപോയിട്ടുള്ളത്. തീർച്ചയായും അതിന്റെ ബാക്കി നടപടികൾ പൂർത്തീകരിക്കുന്നതനുസരിച്ച് ഇവിടെ നിന്ന് മാറ്റി പാർപ്പിച്ചിട്ടുള്ള ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## <u>എറനാടൻ ചെട്ടി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:</u> സർ, വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന എറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ നിന്ന് ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന എറനാടൻ ചെട്ടി സമൂഹത്തെ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വയനാട്ടിലെ വിവിധ പഞ്ചായത്തുകളിലായി ഏകദേശം 3500 ന് താഴെ ജനസംഖ്യയുള്ള വിഭാഗമാണ് ഈ രണ്ട് സമുദായങ്ങളും. നൂറ്റാണ്ടുകൾക്ക് മുമ്പ് കർണ്ണാടകയിൽ നിന്നും കുടിയേറിപ്പാർത്ത ഇവർ കന്നഡയും മലയാളവും കലർന്ന ഭാഷയാണ് സംസാരിക്കുന്നത്. ഇവരുടെ ജന്മദേശം ഏതാണെന്നുള്ളതിന് വ്യക്തമായ തെളിവുകളില്ല. 23.05.2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 30 ഒ.ബി.സി. ജാതിക്കാരെ ഒ.ഇ.സി. യിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചപ്പോൾ ഈ രണ്ടു സമുദായക്കാർക്കും അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ സബ്മിഷൻ ഈ രണ്ടു സമുദായക്കാരെയും ഒ.ബി.സി. ലിസ്റ്റിൽ നിന്ന് ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ആവശ്യമായ ധനസഹായം നല്കണമെന്നാണ് ഈ

സബ്മിഷനിൽ കൂടി ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച രണ്ട് സമുദായങ്ങളെ എറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായങ്ങള ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 30 വിഭാഗങ്ങളിൽ ഒരു വിഭാഗത്തെപ്പോലും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മറിച്ച് ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുവാനുള്ള തീരുമാനമാണെടുത്തിട്ടുള്ളത്. അതിൽ ചെട്ടിവിഭാഗത്തിലെ കോട്ടാർ ചെട്ടീസ്, പറക്കൽ ചെട്ടീസ്, ഏലൂർ ചെട്ടീസ്, ആറ്റിങ്ങൽ ചെട്ടീസ്, പുതുക്കട ചെട്ടീസ്, ഇരണിയൽ ചെട്ടീസ്, ശ്രീപണ്ടാര ചെട്ടീസ്, തെലുഗു ചെട്ടീസ്, ഉദിയൻകുളങ്ങര ചെട്ടീസ്, പേരൂർക്കട ചെട്ടീസ്, സാധു ചെട്ടീസ് ഇരുപത്തിനാലുമന ചെട്ടീസ്, വയനാടൻ ചെട്ടീസ്, കലവറ ചെട്ടീസ്, ഇരുപത്തിനാലുമന തെലുഗു ചെട്ടീസ് എന്നീ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വയനാട് ജില്ലയിലുള്ള എറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി വിഭാഗങ്ങളെക്കൂടി ഈ പരിധിയ്ക്കകത്ത് കൊണ്ടുവന്ന് ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള

വിദ്യാഭ്യാസാനുകൂല്യം നൽകാൻ ഉൾപ്പെടുത്തണമോ എന്ന് പരിശോധിക്കുവാൻ പിന്നോക്കക്ഷേമവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാൽ ഉടൻ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിൽ തീർച്ചയായും ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

## പന്തളം-കാരയ്ക്കാട് ഭാഗത്തുണ്ടാകുന്ന അപകടം ഒഴിവാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ : സർ, എം.സി. റോഡിൽ പന്തളം മുതൽ കാരയ്ക്കാടുവരെയുള്ള ഭാഗങ്ങളിൽ അടിയ്ക്കടിയുണ്ടാകുന്ന വാഹനാപകടങ്ങളിൽ നിരവധി പേർ മരിക്കുന്ന സംഭവങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയിട്ടുള്ള മുൻകരുതലുകൾ എടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. രാജ്യാന്തര നിലവാരത്തിൽ നവീകരിച്ച എം.സി. റോഡിൽ പറന്തൽ മുതൽ പന്തളം-ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് അറ്റകുറ്റപ്പണികളോ സംരക്ഷണപ്രവൃത്തികളോ നടക്കാത്തതിനാൽ വശങ്ങൾ ഇടിഞ്ഞുതുടങ്ങി. ലോകബാങ്കിന്റെ സേഫ് സോൺ പദ്ധതിയിൽ തിരുവനന്തപുരം മുതൽ അടൂർ വരെ മാത്രം ഉൾപ്പെടുത്തിയതോടെ പറന്തൽ, കുരമ്പാല, പന്തളം, കുളനട ചെങ്ങന്നൂർ വരെയുള്ള കെ.എസ്.ടി.പി.യുടെ

ആദ്യഭാഗം നിർമ്മാണത്തിലുൾപ്പെടുത്തി നിർമ്മിച്ച പ്രദേശങ്ങളിൽ റോഡ് പരിപാലനം നാമമാത്രമായി. പറന്തൽ മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിലെ ടാർ മാർക്കുകളും സൂചകങ്ങളും മാഞ്ഞു. വെള്ള, ചുവപ്പ്, റിഫ്ലക്ടർ സ്റ്റഡുകൾ ഒട്ടുമുക്കാലും നിറംകെട്ടു. വാഹനങ്ങൾ കയറിയിറങ്ങി അതെല്ലാം റോഡിൽതന്നെ താഴ്ന്ന നിലയിലാണ്. മാന്തുക ഒന്നാം പന്തിയിൽ ഗവ. എൽ.പി. സ്കൂളിന് സമീപമുള്ള വളവിൽ ശാസ്ത്രീയമായി ചരിവോടുകൂടി റോഡ് വീതികൂട്ടി നിർമ്മിച്ചെങ്കിലും തകർന്ന് പല തട്ടുകളായി കിടക്കുകയാണ്. റോഡിന്റെ സ്ഥിതിയറിയാതെ വേഗത്തിലെത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാർ അപകടത്തിൽ പ്പെടാതിരിക്കാൻ വളരെയധികം പ്രയാസപ്പെടുന്നു. അവിടെ റോഡ് താഴ്ന്ന, ഡ്രൈവർമാർ ശ്രദ്ധിക്കുക എന്ന രണ്ട് ബോർഡുകൾ മാത്രമാണ് സ്ഥാപിച്ചിരിക്കുന്നത്. ഇവിടെ ശാസ്ത്രീയമായി ഹംപ് സ്ഥാപിക്കണമെന്നുണ്ടെങ്കിൽ ഹംപ് സ്ഥാപിക്കുകയോ അല്ലെങ്കിൽ ബ്ലിങ്കിംഗ് ലൈറ്റ് വയ്ക്കുകയോ മറ്റ് ശാസ്ത്രീയമായ രീതിയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികളോ കൈക്കൊള്ളണം. അടിയന്തരമായി റോഡ് താഴ്ന്ന ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. ഗുരുതരമായ ഒരു സ്ഥിതിവിശേഷമായതിനാൽ നാട്ടുകാർ ഭയാശങ്കയിലാണ്. നിരവധി അപകടങ്ങൾ ഈ പ്രദേശങ്ങളിൽ

നിത്യേനയെന്നോണം ഉണ്ടാകുന്നു. ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ) : സർ, ലോകബാങ്ക് സഹായത്തോടെ കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽ 2011 ജനുവരിയിൽ വികസനം പൂർത്തിയാക്കിയ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡിലാണ് ബഹുമാനപ്പെട്ട എം.എൽ.എ. പരാമർശിക്കുന്ന പന്തളം-കാരയ്ക്കാട് റോഡ് ഭാഗം ഉൾപ്പെടുന്നത്. ഈ ഭാഗങ്ങളിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡിലെ കുളനട എന്ന സ്ഥലത്ത് ഏകദേശം 100 മീറ്റർ നീളത്തിൽ റോഡ് താഴ്ന്ന് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 10.6 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് 28.10.2014-ൽ ടെണ്ടർ വിളിക്കുകയുണ്ടായി. ആരും ടെണ്ടർ ക്വാട്ട് ചെയ്യാത്തതിനാൽ ഈ പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാന്തുക ഭാഗത്ത് അടുത്തകാലത്തായി റോഡിന്റെ ഒരു വശം ഏകദേശം 50 മീറ്റർ നീളത്തിൽ ചെറുതായി താഴ്ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡ് നിരീക്ഷിച്ചു വരികയാണ്. കൂടുതൽ താഴ്ന്നതായി ശ്രദ്ധയിൽപ്പെട്ടാൽ

നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ടി.പി.-രണ്ട് പദ്ധതിയുടെ തുക ഉപയോഗിച്ച് കെ.എസ്.ടി.പി.-ഒന്ന് പദ്ധതി നിർമ്മാണം പൂർത്തിയാക്കിയ 150 കി.മീ. ദൈർഘ്യമുള്ള റോഡുകൾ B.C. overlay ചെയ്ത് പരിപാലിക്കുന്നതിന് ലോകബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായുള്ള ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. ഇതിൽ എം.സി. റോഡിലെ പന്തളം- കാരക്കാട്-മാന്തുക-കുളനട ഭാഗവും ഉൾപ്പെടുന്നുണ്ട്. ഡി.പി.ആർ ലഭ്യമായാൽ ലോകബാങ്കിന്റെ അംഗീകാരം വാങ്ങി നിർമ്മാണപ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ഈ പ്രവൃത്തിയോടൊപ്പം ഈ റോഡ് ഭാഗങ്ങളിൽ ആവശ്യമായ റോഡ് സുരക്ഷാക്രമീകരണങ്ങൾ ചെയ്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കരമന-കളിയിക്കാവിള റോഡ് വികസനം

ശ്രീ. ആർ. സെൽവരാജ് : സർ, ദേശീയപാത 47 കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ ആദ്യഘട്ട പണി പാപ്പനംകോട് മുതൽ പ്രാവച്ചമ്പലംവരെ നടന്നുവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്തുവകുപ്പുമന്ത്രിയും ജില്ലയിലെ മന്ത്രിയെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട

ആരോഗ്യവകുപ്പുമന്ത്രിയും ബഹു. ഡെപ്യൂട്ടി സ്പീക്കറുമൊക്കെ മുൻകൈയെടുത്താണ് ഈ പണി ആരംഭിച്ചത്. അതിനാൽ ഇവരെ ആദ്യമായി അഭിനന്ദിക്കുകയാണ്. തുടർന്നുവരുന്ന വഴിമുക്കുവരെയുള്ള ഭാഗവും കളിയിയ്ക്കാവിള വരെയുള്ള ഭാഗവും പണി ആരംഭിക്കേണ്ടതായിട്ടുണ്ട്. ആ റോഡിലൂടെ സഞ്ചരിക്കുന്നവരുടെ അവസ്ഥ വളരെ ദയനീയമാണ്. ഈ പണി ആരംഭിക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിന്റെ വാല്യുവേഷൻ നിശ്ചയിക്കുന്നതിനും അടിയന്തരമായി നടപടിയെടുക്കേണ്ടതായിട്ടുണ്ട്. മാത്രവുമല്ല തുടർന്നുള്ള പണികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ഇത്രയും കാര്യങ്ങൾ അടിയന്തരമായി ചെയ്തു തീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> ) : സർ, കരമന-കളിയിയ്ക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. 29 കി.മീ. ദൂരംവരുന്ന ഈ റോഡ് രണ്ട് ഘട്ടമായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഒന്നാം

ഘട്ടത്തിന്റെ ആദ്യറീച്ചായ കരമന മുതൽ പ്രവച്ചമ്പലംവരെയുള്ള 5.5 കി.മീ. ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇവിടത്തെ സ്ഥലമെടുപ്പിനായി 285 കോടി രൂപ ചെലവായി. നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള 74.53 കോടി രൂപയുടെ കരാർ ശ്രീധന്യ കൺസ്ട്രക്ഷൻസ് കമ്പനി ഏറ്റെടുത്തിരിക്കുകയാണ്. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. വരുന്ന ഭാഗത്ത് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5.5 കിലോമീറ്ററിന്റെ സ്ഥലമെടുപ്പ നടപടികൾക്കുവേണ്ട സർവ്വേ പൂർത്തിയാക്കി ഡ്രാഫ്റ്റ് ഡിക്ലറേഷൻ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ബാക്കിവരുന്ന ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഒരു കി.മീ. ഭാഗത്ത് സ്ഥലമെടുപ്പിനായി 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെ സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 300 കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ

ഉടൻ ആരംഭിക്കുന്നതാണ്.

## അവയവദാന രംഗത്തെ നടപടി ലഘൂകരിക്കൽ

ശ്രീ. എം. ഉമ്മർ : സർ, അവയവദാന രംഗത്ത് നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും എഥിക്സ് കമ്മിറ്റിയുടെ തീരുമാനമെടുക്കുന്നതിനുണ്ടാകുന്ന കാലതാമസവുംമൂലം എല്ലാ വിധത്തിലും അർഹതപ്പെട്ട കേസുകളിൽപ്പോലും യഥാസമയം അനുമതി ലഭിക്കാതെ രോഗികൾ മരണത്തിന് കീഴടങ്ങേണ്ടിവരുന്ന സ്ഥിതിവിശേഷം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. പലപ്പോഴും ബന്ധുക്കളല്ലാത്ത അൺറിലേറ്റഡ് ഡോണർമാരെ സംബന്ധിച്ച് ശസ്ത്രക്രിയയ്ക്കുള്ള അനുമതി നേടിയെടുക്കുക എന്നുള്ളത് വളരെ സങ്കീർണ്ണമാണ്. 30 പേജോളം വരുന്ന അപേക്ഷാഫോറം അവയവദാതാവും രോഗിയും ചേർന്ന് പൂരിപ്പിക്കണം, ചികിത്സിക്കുന്ന ഡോക്ടറുടേയും ആശുപത്രി അധികൃതരുടേയും സാക്ഷിപത്രങ്ങൾ വേണം, അവയവ ദാതാവും സ്വീകർത്താവും ഒരുമിച്ച് നിയമസമിതികൾക്കു മുമ്പിൽ ഹാജരാകണം, ദാതാവിന്റേയും സ്വീകർത്താവിന്റേയും സാമ്പത്തിക നില തിട്ടപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം, ജില്ലാ മജിസ്ട്രേറ്റിന്റെ അനുവാദം

വാങ്ങണം. ഇത്രയും കടമ്പകൾ കടന്നാൽ മാത്രമേ അപേക്ഷകൾ എഥിക്സ് കമ്മിറ്റിയുടെ പരിഗണനയിൽ എത്തുകയുള്ളൂ. രേഖാപരിശോധനയിൽ എന്തെങ്കിലും തെറ്റുകൾ കണ്ടാൽ വീണ്ടും അപേക്ഷ മടങ്ങുകയാണ് ചെയ്യുന്നത്. ഇതുമൂലമുണ്ടാകുന്ന ഒരുപാട് സങ്കീർണ്ണത കാരണം അർഹതപ്പെട്ട രോഗികൾക്കുപോലും ഇങ്ങനെയുള്ള അവയവദാനം നടക്കാതെ രോഗി മരണപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണ്. അവയവദാനത്തിലെ ക്രമക്കേട്, ധാർമ്മികത, അവയവ കച്ചവടം എന്നിവ നിയന്ത്രിക്കുന്ന എഥിക്കൽ കമ്മിറ്റി ഒന്നിടവിട്ട മാസങ്ങളിൽ ചേരുകയും നിയമപ്രകാരം മുന്നിലെത്തുന്ന അപേക്ഷകൾ പഠിച്ച് ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുകയുമാണ് ചെയ്യുന്നത്. അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധിക്കപ്പെട്ട എല്ലാ വിധത്തിലും അർഹതപ്പെട്ട കേസുകളിൽപോലും യഥാസമയം അനുമതി ലഭിക്കാതെ രോഗികൾ മരണത്തിനിടയാകുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ട്. കരൾ മാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ എന്നിവയിലൊക്കെ പെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയാണെങ്കിൽ ഡോണറും സ്വീകർത്താവും തയ്യാറാണ്. നടപടിക്രമങ്ങളുടെ നൂലാമാലകൾ കാരണം ഇത് പൂർത്തീകരിക്കാതെ പോകുന്നു. വൈദ്യശാസ്ത്ര രംഗത്ത് നമ്മൾ വളരെ മുന്നോട്ടുപോയി. കിഡ്നി, കരൾ മുതലായവ മാറ്റിവയ്ക്കുന്നതിനുള്ള ധാരാളം നല്ല ആശുപത്രികൾ നമ്മുടെ സംസ്ഥാനത്തുണ്ട്.

പക്ഷേ നടപടിക്രമങ്ങളുടെ സങ്കീർണ്ണത അവസാനിപ്പിച്ച് വളരെ വേഗത്തിലാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ടും 2011-ലെ മനുഷ്യാവയവങ്ങളുടെ ടിഷ്യൂസ് മാറ്റിവയ്ക്കുന്ന ഭേദഗതി ആക്ടും അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയ നടത്തുന്നത്. പ്രസ്തുത നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല ഓതറൈസേഷൻ കമ്മിറ്റിയും അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് പ്രാദേശിക തലത്തിൽ ജില്ലാതല ഓർഗനൈസിംഗ് കമ്മിറ്റികളും പ്രവർത്തിക്കുന്നു. 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ടിലെ മുഖ്യപരിഗണനാ വിഷയമായ മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയൽ ലക്ഷ്യമാക്കിയാണ് പ്രസ്തുത കമ്മിറ്റികൾ

പ്രവർത്തിക്കുന്നത്. കൂടാതെ ദാതാവിന്റെയും സ്വീകർത്താവിന്റെയും ആരോഗ്യസ്ഥിതിയും അവയവം നൽകാനോ സ്വീകരിക്കാനോ ഉണ്ടായ പ്രധാന കാരണങ്ങളും പ്രസ്തുത സമിതി പരിശോധിക്കും. ഇത്തരത്തിലുള്ള പരിശോധനയിൽ ദാതാവിനെയും സ്വീകർത്താവിനെയും അവരുടെ ബന്ധുക്കളെയും നേരിൽ കണ്ടശേഷം അതിൽ കച്ചവടത്തിന്റെ യാതൊരു സാധ്യതകളും നിലനിൽക്കുന്നില്ലെന്ന് ബോധ്യപ്പെട്ടശേഷം മാത്രമാണ് ഓതറൈസേഷൻ കമ്മിറ്റി അവയവദാനത്തിന് അനുമതി നൽകുന്നത്. ഇതിനായി സ്വീകർത്താവിന്റെയും ദാതാവിന്റെയും ഐഡന്റിറ്റി സർട്ടിഫിക്കറ്റും നേറ്റിവിറ്റി സർട്ടിഫിക്കറ്റും സ്ഥിരവാസ സർട്ടിഫിക്കറ്റും മറ്റ് അവശ്യ രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ ദാതാവ് പ്രതിഫലേച്ഛ കൂടാതെയാണ് അവയവ ദാനം നടത്തുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. അവയവ മാറ്റ ശസ്ത്രക്രിയയ്ക്കായി ബന്ധപ്പെട്ട ആശുപത്രികളിൽ രജിസ്റ്റർ ചെയ്തശേഷം അവിടെ പരിശോധനകൾക്ക് എടുക്കുന്ന കാലതാമസം കൂടാതെ ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അടുത്ത ബന്ധുക്കൾ അല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്. ഇതുസംബന്ധിച്ച്

നിയമങ്ങളിൽ ഇളവുവരുത്തുന്നതിനുള്ള അധികാരം പ്രസ്തുത നിയമം പാസ്സാക്കിയ പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണ്. കേരളത്തിലെ അവയവദാനരംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും അഴിമതിരഹിതവും കച്ചവട താൽപ്പര്യങ്ങൾക്ക് അതീതവുമായി നിലനിറുത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യതയും കച്ചവടരാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനം അനുകൂലമല്ലെങ്കിൽ സംസ്ഥാനതല കമ്മിറ്റിയിൽ അപ്പീൽ നൽകുവാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അവയവദാനത്തിനുള്ള അപേക്ഷകൾ ലഭിച്ചാൽ അടിയന്തരമായിത്തന്നെ ഓതറൈസേഷൻ കമ്മിറ്റികൾകൂടി തീരുമാനമെടുക്കാൻ നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്.